# ജാമക്കാരൻ
# JAMAKKARAN

VOLUME - 1 Reg NO.TNBIL/2016/70171 ISSUE - 11
NOVEMBER 2017 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

**കർത്താവിൽ പ്രിയരെ,**



ദൈവകൃപ നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ. കഴിഞ്ഞ മാസം അമേരിക്കയിൽ ഉണ്ടായ കൊടുങ്കാറ്റ് നാശനഷ്ടം എന്നിവ ഇതുവരെ ഉണ്ടായിട്ടുള്ളതിലും ഏറ്റം വലുതായിരുന്നു. ഇന്തോനേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തത്താൽ അഗതികൾ ഉളവായതുപോലെ അമേരിക്കയിലെ സമ്പന്നൻ മുതൽ സാധാരണക്കാരൻ വരെ വീടും ഉള്ളതും നഷ്ടപ്പെട്ട സ്ഥിതിയിൽ 3 ദിവസം ഉടുത്തിരുന്ന ഒരേ വസ്ത്രത്തോടുകൂടി വിശന്നും വിഷമത്തോടും കഴിഞ്ഞു. അമേരിക്കയിലെ Houston എന്ന സ്ഥലത്തിലെ നാശനഷ്ടങ്ങൾ കൂടുതലായിരുന്നു. വായനക്കാരായ നമ്മുടെ 17 കുടുംബാംഗങ്ങൾ അകപ്പെട്ടുപോയി. അവിടെ മാർത്തോമാ, സി.എസ്.ഐ, യാക്കോബാക്കാരുമായ മലയാളികളാണ് കൂടുതൽ പേർ. ആരുടെ ജീവനും നഷ്ടപ്പെട്ടില്ല. ദൈവം അവരെ കാത്തുരക്ഷിച്ചു. ഇതു അന്ത്യകാലം എന്ന് ഈവക സംഭവങ്ങളിലൂടെ മനസ്സിലാക്കുന്നു. ഏതു പ്രകൃതിനാശവും അമേരിക്കയെ ബാധിക്കില്ല എന്ന് ഒരിക്കൽ വെല്ലുവിളിച്ചു. പക്ഷെ ഇന്നത്തെ സ്ഥിതി എത്ര ദയനീയം.

അമേരിക്കയിലെ എല്ലാം ക്രിസ്തീയ വിശ്വാസികളോടായി ഞാൻ പറയാനാഗ്രഹിക്കുന്നത്, കൊടുങ്കാറ്റിനാൽ ബാധിക്കപ്പെടാത്ത ഭാഗങ്ങളിലുള്ളവരോടായി അറിയിക്കുന്നത് : ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തെ തെറ്റിദ്ധരിക്കരുത്. മനം തിരിഞ്ഞ് കർത്താവിന്റെ വരവിനായിട്ടും നിങ്ങളുടെ മരണത്തിനായിട്ടും എപ്പോഴും ഒരുക്കത്തോടിരിക്കണം. യോഹ 3–ൽ പറയുന്നതു പോലെ ഒരുവൻ വീണ്ടും ജനിപ്പിച്ചില്ലാ–രക്ഷിക്കപ്പെട്ടില്ലാ–എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. വീണ്ടും ജനനഅനുഭവത്തോട് ജീവിക്കുന്നവർക്ക് മരണത്തെക്കുറിച്ചോ, പ്രകൃതി നാശത്തെക്കുറിച്ചോ ഭയംവരില്ല. കർത്താവിന്റെ വരവ് എപ്പോൾ

ജാമക്കാരൻ JAMAKKARAN

വരും എന്ന പ്രത്യാശയും സന്തോഷവും ഹൃദയത്തിൽ കൂടിക്കൊണ്ടിരിക്കും. ഈ മുന്നറിയിപ്പുകൾ അമേരിക്കക്കാർക്കു മാത്രമല്ല; ലോകം മുഴുവനുമുള്ള എന്റെ വായനക്കാർക്കു കൂടെയാണെന്ന് ഓർമ്മിപ്പിക്കട്ടെ.

ഈ മാസജാമക്കാരൻ പുറത്തിറങ്ങാൻ കുറച്ച് താമസിച്ചു. നിങ്ങളുടെ സാമ്പത്തിക സഹായങ്ങൾക്കു നന്ദി. തുടർന്നും നിങ്ങളെയോർത്ത് പ്രാർത്ഥിക്കുന്നു.

കോട്ടയത്ത് നടക്കാനുള്ള പൊതുയോഗങ്ങളെക്കുറിച്ച് പലരും എഴുതി ചോദിച്ചുകൊണ്ടിരിക്കുന്നു. ഞാനതിൽ ഇടപെടുന്നില്ല. ഏർപ്പാട് ചെയ്യുന്ന വിശ്വാസികൾക്കും, ജാമക്കാരൻ വായനക്കാരും എന്നെ അറിയിക്കുമെങ്കിൽ ആ യോഗവിവരങ്ങൾ ജാമക്കാരൻ മാസികയിലൂടെയും മനോരമ പത്രത്തിലൂടെയും നിങ്ങളെ അറിയിക്കും.

**കുറിപ്പ് :** ഈ ലക്കത്തിൽ സി.എസ്.ഐ സഭകളുടെ നവീകരണം (Reformation) ലക്ഷ്യമാക്കി വിഭവങ്ങൾ തയ്യാറാക്കിയതിനാൽ മറ്റ് സഭാവാർത്തകൾ ചേർക്കാനായിട്ടില്ല. ക്ഷമിക്കണം. ഈ ലക്കം നയിക്കുന്ന സി.എസ്.ഐ അല്ലാത്ത വിശ്വാസികൾ സി.എസ്.ഐയിൽ ഒരുണർവ് ഉണ്ടാകുന്നതിന് പ്രാർത്ഥിക്കേണമേ.

ദൈവം നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ,
**Dr.Pushparaj**

നിങ്ങളുടെ ശ്രദ്ധയ്ക്ക്

# On Line കാണിയ്ക്ക (OFFERING)

നേരത്തെ ഞാൻ അറിയിച്ചിരുന്നതുപോലെ On Line വഴി കാണിയ്ക്ക (Offering) അയയ്ക്കുന്നവരുടെ പേര് ബാങ്ക് പാസ്ബുക്കിൽ വരുന്നില്ല. ചില ബാങ്കുകളിൽ പേര് കാണപ്പെടുന്നു. പണം അയക്കുന്നവരുടെ പേരും വിലാസവും അറിയാത്തതുകൊണ്ട് പണം കിട്ടിയ വിവരത്തെ പണം അയച്ചവരെ അറിയിക്കുവാൻ കഴിയാതെ പോകുന്നു. രസീതും അയയ്ക്കുവാൻ സാധിക്കുന്നില്ല. ചില വായനക്കാരിൽ രസീതു വേണ്ടായെന്ന് അറിയിച്ചവരും ഉണ്ട്. ഓൺലൈനിൽ കാണിയ്ക്ക അയച്ചവർ അതിന്റെ വിവരത്തെ എനിയ്ക്ക് ഇ–മെയിൽ വഴി ആയോ കത്തു മുഖേനയോ അറിയിച്ചാൽ വളരെ ഉപകാരമായിരിക്കും. അതിൽ അയച്ചവരുടെ പേര്, സേലത്തിൽ ഏതു ബാങ്കിലേയ്ക്കാണ് ആ പണം അയച്ചത്, എന്നും എത്ര രൂപ അയച്ചു, ഏത് തീയതിൽ അയച്ചു എന്നും വ്യക്തമായിട്ട് എഴുതി ഒപ്പം നിങ്ങളുടെ മൊബൈൽ നമ്പരും എഴുതി അയച്ചാൽ വളരെ ഉപകാരമായിരിക്കും.

പണം എനിക്കു കിട്ടിയ വിവരത്തെക്കുറിച്ച് നിങ്ങൾക്ക് രസീത് അയ്ക്കാതിരുന്നാലും ഫോൺ മുഖേനയെങ്കിൽ ആ വിവരം നിങ്ങളെ അറിയിക്കുവാൻ എനിക്കു സാധിക്കും. ഒപ്പം നിങ്ങളുടെ വിവരങ്ങൾ അന്വേഷിക്കുവാനും ഫോൺ മുഖേന നിങ്ങൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുവാനും സാധിക്കുമല്ലോ. നിങ്ങൾ പ്രാർത്ഥനയോടും ഭാരത്തോടും ദൈവവേലയ്ക്കു വേണ്ടി നിങ്ങളയച്ച പണം എനിക്കു കിട്ടിയ വിവരം നിങ്ങളെ അറിയിക്കാതിരിക്കുന്നത് എന്റെ മനസ്സിന് സങ്കടം തോന്നും. അതുകൊണ്ട് ഈ വിഷയത്തിൽ നിങ്ങൾ എന്നോടു ദയവായി സഹകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഡോ.പുഷ്പരാജ്

# CSI സഭയിലെ വിശ്വാസികൾക്കു 70 വർഷക്കാലമായി മർമ്മമായിരുന്ന രഹസ്യം

## (സഭയോ? കമ്പനിയോ?)

സി.എസ്.ഐയുടെ ചരിത്രം അറിയാതെ തന്നെ സഭയിൽ കടന്നുവരികയും, ആരാധിക്കുകയും വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും (അച്ചന്മാർ ഉൾപ്പെടെ) എണ്ണം അധികമാണ്. ചുരുക്കം ചിലർക്ക് എന്തോ ചില ധാരണകൾ സി.എസ്.ഐയെക്കുറിച്ച് ഉണ്ട്. സമീപകാലമായി കേസുകളുടെ വേലിയേറ്റമുണ്ടാകുകയും വിവിധ കോടതികളിൽ സി.എസ്.ഐയുടെ രജിസ്ട്രേഷനും, ദൈനംദിന കാര്യങ്ങളും, നടത്തിപ്പുകളും തുടങ്ങി പല കാര്യങ്ങൾ കോടതികൾ വിശദമായി പരിശോധിച്ചപ്പോൾ സി.എസ്.ഐയുടെ രജിസ്ട്രേഷനായ company act നും ദൈനംദിന നടത്തിപ്പുകൾക്കുള്ള Trust Association Act നും (CSITA) തമ്മിലുള്ള പൊരുത്തമില്ലായ്മ മനസ്സിലാക്കാൻ കഴിഞ്ഞത്.

ഇന്ത്യൻ ഗവ: Company Act അനുവദിച്ചിട്ടുള്ള വ്യവസ്ഥകൾക്കു വിരുദ്ധമായി ഡയോസിസുകളും, സിനഡുകളും പ്രവർത്തിച്ചുവന്നതു വിവിധ കോടതികൾ പ്രഥമദൃഷ്ട്യായും, സൂക്ഷ്മമായും കണ്ടെത്തിയിരിക്കുന്നു. കോടതികളിൽ ചോദിച്ച ഒരു ചോദ്യം ഇവിടെ കുറിക്കട്ടെ: “സി.എസ്.ഐ ബിഷപ്പുമാർക്കും മോഡറേറ്റർമാർക്കും സി.എസ്.ഐ land കളുടെ മേലുള്ള അധികാരം power of Attorney - Indian ഗവൺമെന്റിന്റെ ഏതു നിയമത്തിന്റെ By law യുടെ അടിസ്ഥാനത്തിലാണ് ലഭിച്ചത്?”

ഇതിന് ബിഷപ്പുമാരും, മോഡറേറ്ററും നല്കിയ മറുപടിയിൽ അജ്ഞതയും, അവ്യക്തതയും നിഴലിച്ചതിനാൽ കോടതികൾ തന്നെ സർക്കാർ അന്വേഷണ ഏജൻസിയായ – SFIO യെ കഴിഞ്ഞ 70 വർഷങ്ങളായി നടന്ന സാമ്പത്തിക കാര്യങ്ങളുടെ അന്വേഷണച്ചുമതല കോടതിയുടെ മേൽനോട്ടത്തിൽ ഏല്പിച്ചിരിക്കുന്നു.

ഇക്കാര്യമറിഞ്ഞ പല ഡയോസിസുകളും തങ്ങൾ സി.എസ്.ഐയുടെ ഭാഗമേയല്ല എന്നു പറഞ്ഞു സി.എസ്.ഐയിൽ നിന്ന് പുറത്തുപോകാൻ ശ്രമിക്കുകയാണ്. ഗവ.നല്കാൻ പോകുന്ന ശിക്ഷകളെക്കണ്ട് ഭയന്നും മറ്റു ചില കാരണങ്ങൾക്കുമായി സിനഡിൽ നിന്ന് പുറത്തുവരാൻ പല ഡയോസിസുകളും താരതമ്യപ്പെടുകയാണ്.

ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ സി.എസ്.ഐയിൽ നിന്ന് ആദ്യമായി പുറത്തുപോയത് തിരുനെൽവേലി ഡയോസിസ് ആണ്. ആദ്യം അവർ ബിഷപ്പിനെ നീക്കി. വൈസ് ചെയർമാൻ, സെക്രട്ടറി, കമ്മിറ്റി എന്നിവർ ചേർന്നാണ് ഡയോസിസിന്റെയും സ്ഥാപനങ്ങളുടെയും ദൈനംദിന കാര്യങ്ങൾ ഇപ്പോൾ നോക്കുന്നത്. തിരുനെൽവേലി ഡയോസിസിലെ പള്ളികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ബോർഡുകൾ ലെറ്റർഹെഡ് എന്നിവയിൽ നിന്ന് സി.എസ്.ഐ എന്ന പേർ നീക്കംചെയ്തു. തിരുനെൽവേലി ഡയോസിസിലെ സ്ത്രീജനസഖ്യത്തിന്റെ Annual Convention ന് സംസാരിക്കാൻ ക്ഷണിച്ച് എന്നിക്കു വന്ന ക്ഷണക്കത്തിലും സി.എ

സ്.ഐ എന്ന പേര് ഒരിടത്തും ഇല്ല. എല്ലാ ലെറ്റർഹെഡിലും ബോർഡുകളിലും സി.എസ്. ഐെയ്ക്ക് പകരം TDTA Church - Thirunelveli Diocese Trust Association Church എന്നാണ് നല്കിയിട്ടുള്ളത്. എന്റെ മനസ്സിന് വളരെ വേദന ഈ സംഭവങ്ങൾ നല്കി.

തിരുനെൽവേലി ഡയോസിസും, കമ്പനി ആക്ടും അനുസരിച്ച് കേന്ദ്രസർക്കാർ നിയമിച്ച പുതിയ ബോർഡിന് കീഴിൽ ആയി എന്നാണ് ഞാനറിയുന്നത്. കമ്പനി ബോർഡിൽ 9 അംഗങ്ങളുണ്ട്. ചെയർമാനായി Mrs.Vijila അവർകളും Mr.Retnam Tata ഉൾപ്പെടെ 8 ഡയറക്ടറും തങ്ങളുടെ ചുമതലകൾ ഏറ്റ് പണികൾ തുടങ്ങി എന്നറിഞ്ഞു. ഇനി ഇവരാണ് തിരുനെൽവേലി ഡയോസിസ് ബിഷപ്പിനെ appointment ചെയ്യുന്നത് എന്ന് കേൾക്കുന്നു. ഈ പുതിയ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ആത്മീയ വളർച്ചയ്ക്കു എത്ര പ്രയോജനം ചെയ്യും എന്ന് ചോദ്യങ്ങൾ ഉയരുന്നു. ഇന്നാൾവരെ ബിഷപ്പുമാർ സാമ്പത്തികത്തിരിമറികൾ, ക്രമക്കേടുകൾ നടത്തി എന്നൊക്കെ ധാരാളം കേസുകൾ കോടതികൾ നടന്നുവരികയാണ്. ഈ സാഹചര്യത്തിൽ സി.എസ്.ഐയുടെ ഭാവി എന്താകും എന്ന വലിയ ചോദ്യത്തോടും മനഃഭാരത്തോടും ഈ എഴുത്തുകൾ ഇവിടെ നിറുത്തട്ടെ!

ചെന്നൈ ഡയോസിസും സി.എസ്.ഐയിൽ നിന്ന് വിടുതൽ നേടാൻ പോകുന്നു എന്ന വാർത്തയും കേൾക്കാനിടയായി. കർത്താവ് തന്നെ സി.എസ്.ഐ കുഞ്ഞാടുകളെ രക്ഷിച്ച്, പച്ചയായ പുൽപ്രദേശങ്ങളിൽ നടത്തട്ടെ!

# CSI സ്ഥാപിതമായ ചരിത്രം

16–ാം നൂറ്റാണ്ടിൽ യൂറോപ്യൻ രാജ്യങ്ങളുടെ വളർച്ച തുടങ്ങിയ കാലഘട്ടത്തിലാണ് Industrial Revolution ആരംഭിച്ചത്. അപ്പോഴാണ് യൂറോപ്യൻ രാജ്യങ്ങളിൽ industrial-ന്റെ ആവശ്യത്തിന് cotton, Jute എന്നിവ ആവശ്യമായി വന്നു. ഇവ ധാരാളം ലഭിക്കുന്നത് ഇന്ത്യ എന്ന് അവർ കണ്ടു. ഈ വസ്തുക്കളുടെ കയറ്റുമതിക്കായി ആദ്യം വ്യക്തികളും, പിന്നെ സ്ഥാപനങ്ങളും ഒടുവിലായി East India Company യും വന്നു. ബിസിനസ്സ് ആവശ്യങ്ങൾക്ക് വന്നവരിൽ ചിലർ സാമൂഹ്യക്ഷേമ ചിന്ത ഉള്ളവരായിരുന്നു. ഇന്ത്യൻ ജനതയുടെ നിരക്ഷരത, പട്ടിണി തുടങ്ങിയ ദൈന്യതകൾ കണ്ട് മനസ്സലിഞ്ഞ് പട്ടിണിയും, ദാരിദ്ര്യവും, ആയുരാരോഗ്യം, ജീവിതനിലവാരം ഉയർത്തൽ, സാക്ഷരത എന്നിവയ്ക്കായി – വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ തുടങ്ങി.

ഇന്ത്യയിൽ അന്നുണ്ടായിരുന്ന നിരക്ഷരജനത തങ്ങൾ ഭയപ്പെടുന്ന എന്തിനെയും ദൈവമായി ആരാധിച്ചവരായിരുന്നു. ഇവിടുത്തെ നിരക്ഷരർ അറിവും ജ്ഞാനവും നേടി, തങ്ങളെപ്പോലെ ഉയർന്ന ജീവിത നിലവാരത്തിലെത്തണം എന്ന ചിന്തയോടുകൂടി ആദ്യം പള്ളികളും, പിന്നെ പള്ളിക്കൂടങ്ങളും സ്ഥാപിച്ചു. ഇവിടെ ശുശ്രൂഷിക്കുവാനും, അദ്ധ്യാപകരായി സേവനം ചെയ്യുവാനും ആദ്യം വിദേശീയരെയും പിന്നെ സ്വദേശീകളെയും നിയമിച്ചു.

ഇന്ത്യയിൽ നടക്കുന്ന ഈ മാറ്റം അറിഞ്ഞ യൂറോപ്യൻ സഭകൾ തങ്ങളുടെ സഭകളിലുള്ള ആത്മഭാരമുള്ള വ്യക്തികളെ മിഷനറിമാരായി ഇന്ത്യയിലേക്കു അയച്ചു. മിഷണറിമാർ ഇവിടെ വന്നുതുടങ്ങിയ കാലത്താണ് ഇന്ത്യൻ സ്വാതന്ത്ര്യസമരം അതിന്റെ അവസാനത്തിലേക്ക് നീങ്ങിക്കൊണ്ടിരുന്നത്. എവിടെയും അരക്ഷിതാവസ്ഥ നിലനിന്നിരുന്നതിനാലും വിദേ

ശീയരെ മുഴുവൻ ദുഷ്ടലാക്കോടെ കണ്ടിരുന്നതിനാലും ഇവിടുത്തെ ശുശ്രൂഷകൾ വിശ്വാസികളും ചിതറിയടിക്കപ്പെടാതിരിക്കാൻ ഒരു ഏകോപനം ആവശ്യമായി വന്നു.

അക്കാലത്ത് ഓരോ മിഷൻ പ്രദേശങ്ങളും ഓരോ രീതിയിലും ചിട്ടയിലുമാണ് ആരാധനകൾ നടത്തിയിരുന്നത്. അക്കാലത്ത് നടന്ന സാമൂഹികക്ഷേമപ്രവർത്തനങ്ങളുടെ അടുക്കും ചിട്ടയും ഫലവും കണ്ട് സർക്കാരും, രാജാക്കന്മാരും, വ്യക്തികളും തങ്ങളുടെ സമ്പത്തും നിലങ്ങളും ഈ മിഷൻ പ്രവർത്തനത്തിന് ദാനമായി നല്കിയിട്ടുണ്ട്. പ്രവർത്തനങ്ങൾ തുടർന്നും നന്നായി കൊണ്ടുപോകുന്നതിനും, തദ്ദേശീയരായ രീതിയിൽ ജനങ്ങളുടെ വികാരം ഉൾക്കൊണ്ട് ആരാധനരീതികൾ ഉണ്ടാകേണ്ടതും ഒരു അടിയന്തിര ആവശ്യമായിത്തീർന്നു. അതിനുള്ള വൈതരണികൾ വലുതായിരുന്നു. കാരണം ഓരോ മിഷനുകളും യൂറോപ്പിലെ ഓരോ രാജ്യങ്ങളിൽ നിന്ന് വന്നവരും വ്യത്യസ്തസംസ്കാര ചുറ്റുപാടുകൾ നിറഞ്ഞവരുമായിരുന്നു. അന്നുണ്ടായിരുന്ന മിഷനുകൾ SPG, LMS, TDTA, CMS, SIUC, Travancore Trust എന്നിങ്ങനെ ചിലതായിരുന്നു.

ഇതിൽ TDTA - Tirunelveli District മുഴുവൻ അധികാരം വരത്തക്ക രീതിയിൽ കമ്പനി ആക്റ്റിൽ 1919–ൽ രജിസ്റ്റർ ചെയ്ത് അരാധനയും ഒപ്പം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും നടത്തിവരുന്നു. ആ നാളുകളിൽ മിഷനുകൾ തങ്ങളുടെ സൗകര്യാർത്ഥം ക്ഷേമപ്രവർത്തനങ്ങൾക്കായി ഒത്തിരി ട്രസ്റ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുകൊണ്ടിരുന്നു.

ഇന്ത്യയിലുണ്ടായ അപ്പോഴത്തെ സാഹചര്യങ്ങൾ യൂറോപ്യൻ മിഷണറിമാർക്ക് സ്വദേശത്തേയ്ക്കു മടങ്ങിവന്നതിനാൽ എല്ലാ മിഷനുകളുടെയും ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തീരുമാനിച്ചു. എൽ.എം.എസ്, എസ്.പി.ജി എന്നീ മിഷനുകൾ എസ്.ഐ.യു.സി എന്ന പേരിൽ നേരത്തെതന്നെ യോജിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്നു. തെക്കേ ഇന്ത്യയിലെ എല്ലാ മിഷനുകൾക്കും തമ്മിൽ ഐക്യതയും സഹപ്രവർത്തിത്വവും ഉണ്ടാകുന്നതിനുവേണ്ടി 1939–ൽ തമിഴ്നാട്ടിലെ ചെന്നൈക്കടുത്തുള്ള ചെങ്കൽപ്പെട്ടിൽ ഒരു യോഗം ചേരുകയും ആ യോഗതീരുമാനങ്ങളെ ചെങ്കൽപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ വച്ച് രജിസ്റ്റർ ചെയ്യുകയും ചെയ്തു. തുടർന്നുള്ള ചർച്ചകളിൽ വന്ന കാലതാമസ്സത്താൽ അടുത്തഘട്ട തീരുമാനങ്ങൾക്കു കുറച്ച് താമസമേർപ്പെട്ടു.

ഇന്ത്യ 1947–ൽ സ്വാതന്ത്ര്യം നേടിയപ്പോൾ അന്നുണ്ടായിരുന്ന കമ്പനി നിയമമനുസരിച്ച് എല്ലാ മിഷനുകളും, ട്രസ്റ്റുകളും ഒന്നുചേർന്ന് 112/1947 സി.എസ്.ഐ എന്ന സ്ഥാപനം – സി.എസ്.ഐ എന്ന പേരിൽ 1947 സെപ്റ്റംബർ 27–ൽ ഉദയംചെയ്തു.

മറ്റ് മിഷനുകൾ തങ്ങളുടെ സ്വത്തുക്കൾ CSI TA യുടെ കയ്യിൽ ഏല്പിച്ചപ്പോൾ, തിരുനെൽവേലി ഡയോസിസ് TDTA മാത്രം തങ്ങളുടെ സ്വത്തുക്കളെ CSI TA യുടെ പേരിൽ ഇന്നുവരെ നല്കിയിട്ടില്ല. cms മാത്രം 1956–ൽ തങ്ങളുടെ എല്ലാ സ്വത്തുക്കളും CSI TA യുടെ കയ്യിൽ ഏല്പിച്ചു. അതിനെത്തുടർന്ന് മറ്റ് മിഷനുകൾ എല്ലാം ഇതുപോലെ എല്ലാവകയും CSI TA യുടെ കൈവശം ഏല്പിച്ചു.

വ്യക്തികൾ തങ്ങളുടെ വസ്തുവകകൾ മിഷനുവേണ്ടി അപ്പോൾ CSI TA യുടെ കൈയ്ക്കു നല്കി. ആ നാളുകളിൽ ചെന്നൈയിലെ കത്തോലിക്ക മിഷൻ തങ്ങളുടെ 243 സ്വത്തുക്കളെ CSI TA യ്ക്കു നല്കുകയും അവർ ചെയ്ത സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ തുടർന്നു ചെയ്യുവാൻ അപേക്ഷിക്കുകയും ചെയ്തു.

# CSI TA യുടെ Bylaw അനുസരിച്ച്

1. ചുമതലക്കാർ തങ്ങളുടെ പേർക്ക് സമ്പത്തുകൂട്ടുവാനോ, നന്മകൾ അനുഭവിക്കാനോ പാടില്ല.
2. അർഹതപ്പെട്ടവർക്കു മാത്രം നന്മകൾ ചെന്നുചേരുന്നു എന്നുള്ളത് ഉറപ്പുവരുത്തണം.
3. അർഹതപ്പെട്ടവർക്ക് നന്മ ലഭിക്കുന്നതിനും ആരിൽ നിന്നും service charge ഈടാക്കരുത്.
4. കമ്പനിയുടെ ചുമതലക്കാരായ മോഡറേറ്റർ, ബിഷപ്പുമാർ, അച്ചന്മാർ തുടങ്ങിയ പൂർണ്ണസമയവേ ലക്കാർ, ജോലിക്കു നിയമിക്കൽ, ശമ്പളം നല്കൽ എന്നിവ CSI TA യുടെ ചുമതലയാമെന്ന് – By law 3D E ൽ എന്നിവയിൽ പറയുന്നു.
5. CSI TA യിലെ ഒരു നന്മയും പൂർണ്ണസമയവേലക്കാർ അനുഭവിക്കരുത് എന്ന് By law 4 ൽ പറയു ന്നു.
6. പൂർണ്ണസമയ വേലക്കാർ CSI TA യുടെ നന്മകൾ അന്യായമായി അനുഭവിക്കുന്നു എന്നു തെളി ഞ്ഞാൽ കടുത്ത ശിക്ഷയുണ്ടെന്ന് By law 6 പറയുന്നു.
7. CSI TA യുടെ വരുമാനങ്ങൾക്കു ഇന്ത്യൻ ഗവ:ന്റെ 12 Act, 12 A, 80 G അനുസരിച്ച് നികുതി അട യ്ക്കേണ്ടതില്ല എന്ന് order നല്കിയിട്ടുണ്ട്.

# CSI ആരംഭവും പ്രവർത്തനങ്ങളും

പല രീതിയിൽ ആരാധിച്ചുവന്ന മിഷനുകൾ തദ്ദേശീയരായ ജനങ്ങളുടെ അഭിപ്രായങ്ങളും ഇഷ്ടങ്ങളും ചേർത്ത് ഏകീകൃത ലിറ്റർജി, Methodist, Anglian, Ceogregational, Presbyterian എന്നീ മിഷനുകളെ പ്രതിനിധീകരിച്ച് ഈ മിഷൻ തലവന്മാർ ഒന്നുചേർന്ന് 27.09.1947 ശനിയാഴ്ച ചെന്നൈയിൽ വച്ച് നടത്തുകയുണ്ടായി. ക്രമേണ മറ്റു മിഷനുകളും ഈ ഏകീകൃത സമ്പ്രദായത്തിന്റെ ഭാഗമായി മാറി. അങ്ങനെ ആദ്യത്തെ സി.എസ്.ഐ ആരംഭിക്കപ്പെട്ടു. CSI TA എന്ന് വിളിച്ചിരുന്നില്ല. ജനങ്ങളിലുള്ള ഭയാശങ്കകൾ മാറ്റാൻ മിഷനുകൾ ചേർന്ന് ജനങ്ങളെ വിളിപ്പിക്കാൻ പരിശീലിപ്പിച്ച പേരാണ് CSI എന്നത്. വിദേശത്ത് പോയ മിഷണറികളും ഇന്ത്യയിലുണ്ടായിരുന്ന തങ്ങളുടെ സ്വത്തുക്കളെ CSI TA യ്ക്കു നല്കി.

# CSI എന്ന പേരിൽ സ്വത്തുക്കളുണ്ടോ?

CSI TA സ്ഥാപിക്കുന്നതിനു മുമ്പും പിമ്പും CSI യുടെ പേരിൽ സ്വത്തുക്കളില്ല. ആ സ്വത്തുക്കൾ മോഡറേറ്റർ തന്നെ നിർവ്വഹിക്കണം എന്ന് ബൈലോയിൽ ഒരിടത്തുപോലും പറയുന്നുമില്ല. അതുപോലെ സി.എസ്.ഐ സഭയ്ക്കും CSI TA യ്ക്കും തമ്മിൽ ബന്ധങ്ങളൊന്നുമില്ല. എന്തുകൊണ്ടെന്നാൽ കമ്പനി ആക്റ്റിൽ രജിസ്റ്റർ ചെയ്ത CSI TA യുടെ ആരാധനാ, കൂടിവരവ്, wing/department മാത്രമാണ് CSI സഭകൾ എന്നത്.

സി.എസ്.ഐയുടെ പ്രസ്ഥാനങ്ങളും, സ്ഥാപനങ്ങളും CSI TA യുടെ കയ്യിൽ നല്കിയതിന്റെ ഒരേകാരണം അവ സമൂഹത്തിൽ ആവശ്യത്തിലായിരിക്കുന്നവർക്ക് സഹായിക്കണം എന്ന ഒറ്റ ഉദ്ദേശ്യത്തോടുകൂടി മാത്രമാണ്. സഭകളിൽ നിന്ന് വരുന്ന കാണിക്കകൾ, കൂട്ടായ്മകൾ, സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം എന്നിവ സമൂഹത്തിന്റെ കണ്ണീർ തുടയ്ക്കണം എന്ന ഒറ്റ ഉദ്ദേശത്തോടുകൂടി മാത്രം ചെലവഴിക്കണം എന്നതാണ് CSI TA യുടെ ബൈലോ

പറയുന്നത്. ഇതിനായിട്ടാണ് CSI TA യ്ക്കു IT Department - IT Excemption (നികുതിയിളവ്) നല്കുന്നതും.

മുഴുവൻ സമയ ശുശ്രൂഷകർ / പ്രവർത്തകരുടെ ശമ്പളവും അലവൻസുകളും നല്കേണ്ടതും CSI TA യുടെ ചുമതലയാണ്.

## സിനഡ് എന്നാൽ എന്ത്?

ഓരോ പ്രദേശങ്ങളിലുള്ള മിഷനുകൾ തമ്മിൽ പ്രാർത്ഥനയ്ക്കും സഹകരണത്തിനും മാത്രമായി നിശ്ചിതസമയത്ത് ഒത്തുചേർന്ന് കാര്യങ്ങൾ പങ്കുവയ്ക്കുന്ന വേദിമാത്രമാണ് സിനഡ്. ഇങ്ങനെ കൂടിവരുമ്പോൾ അദ്ധ്യക്ഷം വഹിക്കുന്നതിനും, നടപടിക്രമങ്ങൾ ലീഡ് ചെയ്യുന്നതിനും, വരുമാനങ്ങൾ എഴുതുന്നതിനും പങ്കിടുന്നതിനും വ്യക്തികൾ ആവശ്യമായി വന്നു. അദ്ധ്യക്ഷ്യം വഹിക്കുന്നതിന് Ex Officers Chairman എന്ന് അന്ന് വിളിച്ചതിനെ ക്രമേണ മോഡറേറ്റർ എന്ന വിളിപ്പേരിൽ ആക്കി. ഈ മോഡറേറ്റർക്ക് എന്തെങ്കിലും പ്രത്യേക അധികാരങ്ങൾ ഇല്ല. അതായത്, ഒരു വിവാഹവീട്ടിൽ ഏറ്റവും മുതിർന്ന വ്യക്തിയെ മുൻനിറുത്തി കാര്യങ്ങൾ ചെയ്യുന്നതുപോലെ.

അക്കാലങ്ങളിൽ CSI TA യ്ക്കുള്ളിലെ മിഷനുകളും മറ്റു മിഷൻ നേതാക്കളും ഈ യോഗങ്ങളിൽ സംബന്ധിക്കുകയും പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്തിട്ടുണ്ട്. ഉദാ: ശ്രീലങ്കയിലെ Jaffna Diocese, TDTA Tirunelveli.

**What is SYNOD?.**

Synod is the conference,/Congress of Synod. Is part. of CSI OR. CSITA ?the evangelical department of different trusts which are doing charity and evangelism. the moderator who is elected by the Synod is the ex ofisio chair man to conduct the SYNOD/ evangelical conference. Two or three days the evangelical department of different trusts joining together and electing a person to be chair the conference or SYNOD. It has no bank account. Only for the meeting they are electing the chairman and Secretary and treasure. They will act as a ex officios. They will convince the next conference/Congress/ SYNOD. The new chair man,Secretary and Treasurer will continue the conference. Because the participants from different trusts will give the money for the SYNOD. After the conference their function are as earlier. (For details, please read the conference note. )The expense shall be met by the participants. Like/ So the moderator can not appoint bishop or any salaried employees.

Since SYNOD is the conference of the evangelical department of different trusts. SYNOD is the Part of CSI

ഇതിൽ രസകരമായ കാര്യം എന്തെന്നു വച്ചാൽ മോഡറേറ്റർ തുടങ്ങി ഒരു Ex Officers അംഗങ്ങൾക്കും CSI TA യുമായി ബന്ധപ്പെടുത്തി ഒരു ബാങ്ക് അക്കൗണ്ട് പോലും പാടില്ല എന്നതാണ്.

CSI TA കമ്പനി ആക്റ്റ് രജിസ്റ്റർ ചെയ്തതെന്നും, അതിന്റെ കണക്കുകൾ സർക്കാരിനെ കാണിക്കുന്നുണ്ടെന്നും, നേതാക്കൾ ആ കമ്പനിയുടെ ജോലിക്കാർ / കൂലിക്കാർ മാത്രമാണെന്നും, തങ്ങൾ അതിന്റെ യജമാനന്മാർ അല്ല എന്നുള്ളതും ഇന്നാൾവരെ സി.എസ്.ഐ ജനങ്ങളിൽ നിന്ന് മറച്ചു. അഥവാ സുതാര്യത ഒട്ടും ഇല്ല എന്നർത്ഥം.

CSI TA എന്ന കമ്പനിയുടെ സ്വത്തുക്കൾ പരിപാലനം ചെയ്ത് വരുമാനമുണ്ടാക്കി സുവിശേഷവേല നടത്തേണ്ട പരിപാലകന്മാർ കാപാലികന്മാരായി സ്വത്തുക്കളെ വിറ്റുതുലയ്ക്കുന്നു. ചുരുക്കത്തിൽ പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്നതുപോലെ.

അതിനുവേണ്ടി CSI TA യ്ക്കു മുകളിൽ സിനഡ് എന്ന ഉമ്മാക്കി ഉണ്ടെന്ന് സാധാരണക്കാരെ ധരിപ്പിച്ച് ഇത്രയും കാലം കളവും, കള്ളവും, യഥേഷ്ടം നടത്തിക്കൊണ്ടിരിക്കുന്നു. ദൈവന്യായവിധി തുടങ്ങിയിരിക്കുന്നതിനാൽ കയ്യും കള്ളവോട്ടും ഓരോ നേതാക്കളും കോടതികളുടെ കയ്യിലും അന്വേഷണ ഏജൻസികളുടെ കയ്യിലും വീണുകൊണ്ടിരിക്കുന്നു.

ഇതുവരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ IT Excemption നിർത്തലാക്കുകയും ഇതുവരെ ശേഖരിച്ച തുകകളുടെ 30% വരെ Tax ആയി അടയ്ക്കേണ്ടി വരുമെന്നും നിയമസാമ്പത്തിക വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

കമ്പനി ആക്റ്റ് അനുസരിച്ച് ഷെയർ നല്കുന്നവരാണ് യജമാനന്മാർ. CSI TA എന്ന കമ്പനിക്കു ആഴ്ചതോറും കാണിക്ക, മാസവരി എന്ന നില്ക്കും മറ്റു വഴികളിലും കാശു നല്കുന്ന ഓരോരുത്തരും യജമാനന്മാരാണ്. അതിനാൽ CSI TA യുടെ കാശുകളും സ്വത്തുക്കളും കൊള്ളയടിക്കുന്ന തട്ടിപ്പുവെട്ടിപ്പു വീരന്മാരെ കയ്യോടെ പിടിച്ച് കയ്യാമം വയ്ക്കുന്നതു വരെ നിങ്ങളോരോരുത്തരും ജാഗ്രതയോടിരിക്കണം. CSI TA യുടെ വരവുചെലവ് ബുക്ക് (ബഡ്ജറ്റ് ബുക്ക്), മിനിറ്റ്സ് ബുക്ക് എന്നിവ ഓരോരുത്തരും കേട്ടുവാങ്ങണം. വിദേശത്തുള്ള സി.എസ്.ഐ സഭാംഗങ്ങൾക്കും ഈ അവകാശം ഉണ്ട്. നിങ്ങളോരോരുത്തരും നിങ്ങളുടെ ശുശ്രൂഷകരോടും, ഡയോസിസ് ഭാരവാഹികളോടും, ബിഷപ്പ്മാരോടും ഈ ബുക്കുകൾ കേട്ടുവാങ്ങണം. അതിനുള്ള അവകാശം നിങ്ങൾക്കോരോരുത്തർക്കുമുണ്ട്.

**മുന്നറിയിപ്പ് :** ഇന്നാൾ വരെ കാര്യങ്ങൾ മനസ്സിലാക്കാതെ, CSI TA യുടെ ഓരോ ചില്ലിക്കാശിന്റെയും കണക്കുകൾ നാം കേൾക്കാത്തതുകൊണ്ട് കേൾക്കേണ്ട വ്യക്തികളും ഏജൻസികളെയും സർക്കാരും കോടതികളും തന്നെ അയച്ച കണക്കു കേൾക്കാൻ തുടങ്ങിയിരിക്കുന്നു. കയ്യോടെ സാമ്പത്തിക ക്രമക്കേടുവീരന്മാരെ പിടിക്കും, തുറങ്കിലടയ്ക്കും. നാളുകൾ ഇനി അധികമില്ല.

**നന്ദി :** CSI TA യ്ക്കു സംഭവിക്കാൻ പോകുന്ന ആപത്ത് മുന്നിൽക്കണ്ട് അതിന്റെ നിയമവശങ്ങൾ അറിയാൻ ഡോ.പുഷ്പരാജ് ആയ ഞാൻ പല സ്ഥലത്തും യാത്ര ചെയ്തു. ഓരോ യാത്രയിലും വിവരങ്ങൾ തന്ന് സഹായിച്ച ഓരോരുത്തർക്കും നന്ദി അറിയിക്കുന്നു. ഇവരെല്ലാം തലമുറകളായി CSI TA അംഗങ്ങളും, അഭ്യുദയകാംക്ഷികളും, നേതാക്കളും, CSI ചരിത്രത്തിൽ അഗ്രഗണ്യരും, തങ്ങളായിരിക്കുന്ന മേഖലകളിൽ ഡോക്ടറേറ്റ് ഉള്ളവരുമാണ്. ഇത്തരുണത്തിൽ ഡോ.സുന്ദർരാജ് അവർകളെ പ്രത്യേകം ഓർക്കുന്നു, നന്ദി പറയുന്നു.

സി.എസ്.ഐ സഭകൾ ഉണരുവാനും, ജാഗ്രതയോടിരിപ്പാനും കർത്തൃവരവിനായി ഒരുങ്ങുവാനുമാണ് ഇത്രയും കാര്യങ്ങൾ എഴുതിയത്. പിശാച് കയ്യിലെടുത്ത് സഭകളെ തകർക്കുന്ന

വീരന്മാരെ നിങ്ങൾ തിരിച്ചറിയുക എന്ന ഒറ്റ ലക്ഷ്യമാണ് ഈ ലേഖനത്തിന് പിന്നിലുള്ളതെന്ന് കണ്ണുനീരോടെ അറിയിക്കട്ടെ.

**ഒടുവിലായി :**

അറിഞ്ഞ വിഷയങ്ങളെ വച്ച് സി.എസ്.ഐയിൽ ഒരു നവീകരണം ഉണ്ടാകുന്നതിനും, സുവിശേഷീകരണം എന്ന ഒരു ലക്ഷ്യമുള്ള സഭയായി സി.എസ്.ഐ മാറേണ്ടതിനും പ്രത്യേകം കണ്ണുനീരോടും, ഉപവാസത്തോടും പ്രാർത്ഥിക്കേണമേ.

## സി.എസ്.ഐ അച്ചന്മാർക്കും ബിഷപ്പുമാർക്കും എന്റെ പ്രത്യേക അപേക്ഷ :

*** ഇത് വായിക്കുന്ന നിങ്ങൾ ദയവായി എന്നെ തെറ്റിദ്ധരിക്കരുത്.**

*** നിങ്ങളെ അപമാനിക്കുവാനല്ല ഞാൻ ഇത് എഴുതുന്നത്. സി.എസ്.ഐയ്ക്ക് ഒരു അപമാനം വന്നാൽ സി.എസ്.ഐ അംഗമായ എനിയ്ക്കും അത് എനിക്ക് അപമാനം തന്നെ.**

**ചില വർഷങ്ങളായി എന്റെ ഉള്ളിലുണ്ടായ മനോഭാരം വായനക്കാർക്ക് പ്രാർത്ഥിക്കുവാനായി സമർപ്പിച്ചു എന്നുമാത്രം. നിങ്ങളും നമ്മുടെ സി.എസ്.ഐ യെക്കുറിച്ച് മനോഭാരത്തോടെ പ്രാർത്ഥിച്ച് നിയമവൃത്തമായ കാര്യങ്ങൾ എടുത്തുകളഞ്ഞിട്ട് നിയമത്തിന്റെ അടിസ്ഥാനത്തിൽ സഭയെ നടത്തി മക്കളെ കർത്താവിന്റെ വരവിനായി ഒരുക്കുവാൻ ഭാരത്തോടെ പ്രാർത്ഥിക്കുവാനായി അഭ്യർത്ഥിച്ചുകൊള്ളുന്നു.**

*** ഇത് വായിക്കുന്ന സി.എസ്.ഐ അംഗങ്ങൾ മാത്രം ഇതിന്റെ അഭിപ്രായം എഴുതി അറിയിച്ചാൽ വളരെ ഉപകാരമായിരിക്കും. ഞാൻ അത് പരസ്യപ്പെടുത്താം.**

*** സി.എസ്.ഐ അല്ലാത്തവർ ഇതിനെക്കുറിച്ച് അഭിപ്രായം പറയുവാൻ അവകാശമില്ല.**

**ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.**

## കൂട്ടായ്മകൾ

- ☐ നിങ്ങൾ ഓൺലൈൻ, M.O., ചെക്ക് വഴിയായി അയച്ച എല്ലാ സാമ്പത്തിക സഹായത്തിനും വളരെയധികം നന്ദിയുണ്ട്.
- ☐ നിങ്ങൾ എഴുതി അയച്ച എല്ലാ പ്രാർത്ഥനാവിഷയങ്ങൾക്കും ആഴ്ചതോറും പ്രാർത്ഥിക്കുന്നുണ്ട് സൗഖ്യം പ്രാപിച്ചവരും അൽഭുതങ്ങൾ പ്രാപിച്ചവരും എനിക്കെഴുതി അറിയിച്ച വിവരങ്ങൾ അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.
- ☐ എനിക്കുവേണ്ടിയും എന്റെ ദൈവവേലയ്ക്കു വേണ്ടിയും പ്രാർത്ഥിച്ചതായി അറിയിച്ച എല്ലാ അച്ചൻമാർക്കും എല്ലാ വിശ്വാസികൾക്കും ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു.

# തിരുനെൽവേലി സി.എസ്.ഐ ഡയോസിസ്

ഇന്ത്യയിലെ ഏറ്റവും വലിയ ഡയോസിസായി കരുതപ്പെടുന്നത് തിരുനെൽവേലി ഡയോസിസാണ്. ആത്മീകതയിൽ കൂടുതലായി വളർച്ച പ്രാപിച്ചതും ഈ ഡയോസിസാണ്. ഏകദേശം നാലായിരം മിഷണറിമാരാണ് ഈ ഡയോസിസിൽ നിന്നും വടക്കേ ഇന്ത്യയിൽ മിഷണറി പ്രവർത്തനം നടത്തുന്നത്. ഇങ്ങനെ ആത്മീകതയിൽ ഉയർന്ന നിലയിൽ വളർന്ന ഈ ഡയോസിസിൽ കഴിഞ്ഞ 50 വർഷങ്ങളായി സമാധാനം നഷ്ടപ്പെട്ട്, പദവിക്കുവേണ്ടി മത്സരങ്ങളും, അതുമൂലം കോടതി കയറുന്നതും വളരെ ദുഃഖകമായ കാര്യങ്ങളാണ്. എന്റെ ദൈവവേലയിൽ ഈ 50 വർഷത്തിൽ തിരുനെൽവേലി ഡയോസിസിലെ 5 ബിഷപ്പുമാരുടെ ഭരണത്തിൽ ആയിരക്കണക്കിന് സഭകളിൽ ഞാൻ കൺവെൻഷൻ യോഗങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ ബിഷപ്പുമാരും ബിഷപ്പു പദവി ഏൽക്കുമ്പോൾ നല്ല ആത്മീയമായും ദൈവഭയത്തിലും തന്നെ പ്രവർത്തിച്ച് തുടങ്ങുന്നു. പക്ഷേ, മാനസാന്തരമില്ലാത്ത, മദ്യപിക്കുന്ന നിർവ്വാഹകമ്മിറ്റികളും, ലേ സെക്രട്ടറിമാരും ഭരണത്തിൽ വന്നശേഷം അവരെ തൃപ്തിപ്പെടുത്താൻ വേണ്ടി ബിഷപ്പുമാർ, അവരുടെ തെറ്റായ തീരുമാനങ്ങൾക്ക് യോജിച്ച രീതിയിൽ പ്രവർത്തിക്കുവാൻ തുടങ്ങിയശേഷം ബിഷപ്പുമാരുടെ ആത്മീയത നഷ്ടമായി. എപ്പോൾ നോക്കിയാലും പ്രശ്നങ്ങൾ കൂടിക്കൊണ്ടേവന്നു.

ആന്ധ്രയിലെ ഒരു ബിഷപ്പ് ഇങ്ങനെ ഡയോസിസ് ഭാരവാഹികളുടെ തെറ്റായ തീരുമാനത്തിന് യോജിച്ചു പോയതുകൊണ്ട് ബിഷപ്പിന് കോടതി കയറേണ്ടിവന്നു. കോടതി വിസ്താരത്തിൽ ജഡ്ജി ബിഷപ്പിനോടു ചോദിച്ചപ്പോൾ ബിഷപ്പു പറഞ്ഞത്, തന്റെ കീഴിലുള്ള അധികാരികൾ ചെയ്ത തെറ്റിന് ഞാൻ അറിയാതെ ഒപ്പിട്ടതുകൊണ്ടാണ് ഞാനിപ്പോൾ ഒരു കുറ്റവാളിയായി അങ്ങയുടെ മുന്നിൽ നിൽക്കുന്നത്. അപ്പോൾ ജഡ്ജി പറഞ്ഞത്, "എന്റെ താഴെയുള്ള ജൂറികൾ എഴുതിയ നിങ്ങളുടെ കേസിന്റെ വിധിപകർപ്പ് നിങ്ങൾ പറഞ്ഞതുപോലെ ഞാൻ അറിയാതെ ഒപ്പിട്ടിരുന്നുവെങ്കിൽ നിങ്ങളുടെ സ്ഥിതി എന്താകുമായിരുന്നു. നിങ്ങളെപ്പോലെ ഉന്നതസ്ഥാനം വഹിക്കുന്ന ഒരാൾ, അറിയാതെ ഒപ്പിട്ടു എന്നു പറഞ്ഞാൽ ആർക്കും ന്യായീകരിക്കുവാൻ കഴിയുകയില്ല. ഇപ്പോൾ ഞാൻ നിങ്ങളുടെ വിധിപറയുന്നു, 2 കോടി രൂപ പിഴ അയ്ക്കുന്നോ. അതോ ജയിൽശിക്ഷ അനുഭവിക്കുന്നോ?" ഇതുകേട്ട ബിഷപ്പിന് മോഹാലസ്യം വന്ന്, കസേരയിൽ പിടിച്ചിരുന്നു. കോടതി അല്പനേരത്തേയ്ക്ക് നിശ്ശബ്ദമായി. അൽപസമയത്തിനുശേഷം ബിഷപ്പ് തന്റെ വക്കീലിനോട് ആലോചിച്ചശേഷം എണീറ്റു നിന്ന് കോടതിയോട് ഞാൻ പിഴയടച്ചുകൊള്ളാം എന്നു പറഞ്ഞു. കോടതിയിൽ നിന്നും തന്റെ ഭവനത്തിലേയ്ക്കു വന്നു. പക്ഷേ, പിഴയടയ്ക്കുവാനുള്ള ആ വലിയതുക ഡയോസിസിൽ ഇല്ല എന്ന് ഡയോസിസ് ഭാരവാഹികൾ പറഞ്ഞു. ബിഷപ്പ് അന്നുരാത്രി തന്റെ ഭവനത്തിൽ കിടന്നുറങ്ങി. പിറ്റേദിവസം കിടക്കയിൽ നിന്നും എണീറ്റില്ല. തളർവാതം പിടിച്ച് എഴുന്നേൽക്കുവാനോ സംസാരശേഷി നഷ്ടപ്പെട്ട് സംസാരിക്കുവാനോ കഴിയാതെ ഇപ്പോഴും കിടക്കയിൽ ആയിരിക്കുന്നു. പല അച്ചന്മാരേയും ഉപദേശിമാരേയും കരയിപ്പിച്ച അദ്ദേഹത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ പരിതാപകരമാണ്. തന്റെ അധികാരസമയത്ത്, ബിഷപ്പ് തെരഞ്ഞെടുപ്പിൽ തനിക്കെതിരായി പ്രവർത്തിച്ച അച്ചന്മാരുടെ കുടുംബങ്ങളെ ട്രാൻസ്ഫർ മുഖാന്തരം വേർപെടുത്തിയ സാഹ

ചര്യങ്ങളിൽ ചൊരിയപ്പെട്ട അച്ചന്മാരുടെ കണ്ണുനീർക്കണങ്ങളുടെ ഫലമായാണ് ബിഷപ്പിനെ ഈ നിലയിൽ എത്തിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴുള്ള ബിഷപ്പുമാർക്ക് ഇതൊരു മുന്നറിയിപ്പാണ്.

ഇതേ സ്ഥിതിയാണ് തിരുനെൽവേലി ഡയോസിസ് ബിഷപ്പിനും ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ നാലു ഗ്രൂപ്പുകൾ ഡയോസിസിന്റെ ഭരണം നടത്തിയിരുന്നു. അതിൽ ചിലരുടെ തെറ്റുകളിലും ഇദ്ദേഹം യോജിച്ച് പ്രവർത്തിച്ചിരുന്നു. പുതിയ ഭരണഘടനാ ഭേദഗതി വന്ന കാര്യത്തിൽ ഇദ്ദേഹം ഒരു പ്രധാന കണ്ണിയായിരുന്നു. അന്നത്തെ മോഡറേറ്ററുടെ നിർദ്ദേശപ്രകാരം വളഞ്ഞവഴിയിൽ കൂടിയാണ് ഡയോസിസ് കമ്മിറ്റിയിൽ പോലീസിന്റെ പ്രൊട്ടക്ഷനോടുകൂടി Ammendments പാസ്സാക്കിയത്. അന്ന് കമ്മിറ്റിയിൽ നടന്ന കയ്യാങ്കളികളെ പറ്റി ഫോട്ടോസഹിതം ഞാൻ ജാമക്കാരനിൽ പ്രസിദ്ധപ്പെടുത്തിയത് വായനക്കാർ ഈ സമയം ഓർക്കുന്നുണ്ടായിരിക്കുമല്ലോ? ഈ ബിഷപ്പ് ഇപ്പോൾ വലിയൊരു പ്രശ്നത്തിൽ അകപ്പെട്ട് കോടതി മുഖേന തന്റെ പദവി നഷ്ടപ്പെട്ട് ഇപ്പോൾ വീട്ടിലിരിക്കുന്നു. തിരുനെൽവേലി ഡയോസിസിന് കഴിഞ്ഞ ആറുമാസങ്ങ ളായി ബിഷപ്പ് ഇല്ല. വൈസ് പ്രസിഡന്റും ഡയോസിസ് ഭാരവാഹികളും ചേർന്നാണ് ഇപ്പോൾ ഡയോസിസ് ഭരിച്ചുകൊണ്ടിരിക്കുന്നത്.

ഇപ്പോൾ ബിഷപ്പിനെതിരായി പല സ്ത്രീകളും പരാതികൾ എഴുതി അയച്ചുകൊണ്ടിരിക്കുന്നുവെന്ന് കേൾക്കുന്നു. ഒരു ബിഷപ്പിന് തന്റെ പദവി നഷ്ടപ്പെട്ടുപോയാൽ ആ ഡയോസിസിന്റെ സഭക്കാർപോലും അദ്ദേഹത്തെ ബഹുമാനിക്കുകയില്ല. അടുത്തകാലത്ത് നടന്ന ഒരു ശവസംസ്കാരചടങ്ങിൽ ശുശ്രൂഷ ചെയ്യുവാൻ പോലും മറ്റ് അച്ചന്മാർ അദ്ദേഹത്തെ അനുവദിച്ചില്ല. ഞായറാഴ്ച ആരാധനകളിൽ അദ്ദേഹം സംബന്ധിച്ചാലും അവസാനപ്രാർത്ഥനയോ ആശിർവാദം പറയുവാൻ പോലുമോ അച്ചന്മാർ ബിഷപ്പിനെ അനുവദിക്കുന്നില്ല. ബിഷപ്പ് തന്റെ ഭരണകാര്യത്തിൽ അച്ചന്മാരെയും സഭാജനങ്ങളെയും എങ്ങനെ നടത്തുന്നുവോ അതുപോലെയാവും അവസാനകാലത്ത് അദ്ദേഹത്തിനു ലഭിക്കുന്ന ബഹുമാനവും.

അദ്ദേഹം ധാരാളം സാമ്പത്തിക തിരിമറികൾ നടത്തിയതായി പല അച്ചന്മാരും സഭാജനങ്ങളും പറയുന്നത് ഞാൻ കേൾക്കാനിടയായി. ഇതോടൊപ്പമുള്ള അദ്ദേഹത്തിന്റെ ഫോട്ടോയും നിങ്ങൾക്ക് കാണാം.



Bishop Rt. Rev.
J.J. CHRISTUDASS

ഫോട്ടോയിലുള്ള ഈ ബിഷപ്പിന്റെ പ്രത്യേക കുപ്പായവും തലയിൽ വച്ചിട്ടുള്ള കിരീടംപോലെയുള്ള പ്രത്യേകതൊപ്പിയും കയ്യിലുള്ള വടിയും പിടിച്ചുകൊണ്ട് ഇനി ആർക്കും കാണുവാൻ കഴിയുകയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. ഇദ്ദേഹത്തിന്റെ ബിഷപ്പ് പദവി പണം കൊടുത്തു വാങ്ങിയതയാണ്. തമിഴ്നാട്ടിലെ മുൻമുഖ്യമന്ത്രി ഡോ.അണ്ണാദുരൈ അവർകൾ പറഞ്ഞ ഒരുവാക്ക് ഞാനീ സമയം ഓർക്കുന്നു. “അനിയാ, പദവിയെ തേടി ഓടരുത്. പദവി നിന്നെ തേടി എത്തണം.” ഇപ്പോഴുള്ള പല ബിഷപ്പുമാരും പദവിതേടി ഓടിയവരാണ്.

അടുത്തകാലത്ത് ബിഷപ്പായ ഒരു മാന്യദേഹം 3 പ്രാവശ്യം 3 വ്യത്യസ്തസ്ഥലങ്ങളിൽ മത്സരിച്ച് തോറ്റുപോയ ആളാണ്. അവസാനം നടന്ന തെരഞ്ഞെടുപ്പിൽ കൂടുതൽ വോട്ട് നേടിയ അച്ചനെ ഒഴിവാക്കി മോഡറേറ്ററുടെ സ്പെഷ്യൽ വീറ്റോപവർ ഉപയോഗിച്ച് ബിഷപ്പ് പദവി നേടിയ വ്യക്തിയാണ്.

ഇത്രയും കാലം സി.എസ്.ഐ സഭകളിൽ പ്രവർത്തിച്ച എന്റെ ഒരു ചോദ്യം, **എന്തുകൊണ്ട് ബിഷപ്പ് തെരഞ്ഞെടുപ്പ് നടത്തണം? ഈ 24 സി.എസ്.ഐ ഡയോസിസുകളിലും പല ഡയോസിസുകളിൽ ഭൂരിപക്ഷജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട, കൂടുതൽ വോട്ട് നേടിയ ഒരു അച്ചനെ ഒഴിവാക്കി അതതു ഡയോസിസുകളിലുള്ള പണക്കാരായ പ്രമാണിമാരുടെ ശുപാർശയും മോഡറേറ്ററുടെ പ്രത്യേക അധികാരവും ഉപയോഗിച്ച് തെരഞ്ഞെടുപ്പിൽ കുറഞ്ഞ വോട്ട് നേടിയ ഒരച്ചനെ ബിഷപ്പാക്കുന്നതിൽ എന്താണ് ന്യായം? ഈ തെറ്റായ ബിഷപ്പ് തെരഞ്ഞെടുപ്പ് നമ്മുടെ സി.എസ്.ഐ സഭയിൽ പലവർഷങ്ങളായി തുടരുന്നു. ഇതിനും ഒരു അവസാനം വേണ്ടേ?** 24 ഡയോസിസുകളിലുമുള്ള പ്രമാണിമാർ ഇതിന് ഒരു തീരുമാനം എടുക്കുന്നത് നല്ലതല്ലേ? മാർട്ടിൻ ലൂഥർ കത്തോലിക്കാ സഭയിൽ കൊണ്ടുവന്ന Reformation (നവീകരണം) നമ്മുടെ സി.എസ്.ഐ സഭകളിലും വരണം. അതിനുവേണ്ടി നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം.



# ബിഷപ്പ് തെരഞ്ഞെടുപ്പ്

ബിഷപ്പുമാരെ തെരഞ്ഞെടുക്കുന്നത് ദൈവത്താലെന്നാണ് പൊതുവെയുള്ള ധാരണ. പക്ഷേ, ദൈവത്താൽ അനുവദിക്കപ്പെടുന്നത് എന്നതാണ് ശരി. പഴയനിയമകാലത്തിൽ, ജന ങ്ങളെ നടത്താനുള്ള നേതാക്കളെ ദൈവം നേരിട്ട് തെരഞ്ഞെടുത്തിരുന്നു. മോശെ, അഹരോൻ, യോശുവ ഇവരെല്ലാം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്. കാലങ്ങൾ മാറിയപ്പോൾ യോഗ്യതയില്ലാത്ത നേതാക്കളാണ് ജനങ്ങളെ നടത്തിയത്.

ശലോമോൻ ദേവാലയം പണിതശേഷം, ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുവാൻ ലേവ്യ രേയും പുരോഹിതന്മാരേയും ദൈവം ഏർപ്പാടു ചെയ്തു. ചില രാജാക്കന്മാരുടെ കാലത്ത് ദൈവത്തിന് ഇഷ്ടമില്ലാത്തവരേയും യോഗ്യത ഇല്ലാത്തവരേയും പുരോഹിതവേല ചെയ്യുവാൻ തെരഞ്ഞെടുത്തു. യെരോബെയാം രാജാവിന്റെ കാലത്താണ് ആദ്യമായി ഈ തെറ്റായ തെര ഞ്ഞെടുപ്പ് നടന്നത്. “ഈ കാര്യം കഴിഞ്ഞിട്ടും യെരോബെയാം തന്റെ ദുർമാർഗ്ഗം വിട്ടുതിരി യാതെ പിന്നെയും സർവ്വജനത്തിൽ നിന്നും പൂജാഗിരി പുരോഹിതന്മാരെ (കഴിവുകെട്ടവരെ, യോഗ്യതയില്ലാത്തവരെ എന്ന തമിഴ് വേദപുസ്തകത്തിൽ) നിയമിച്ചു; തനിക്കു ബോധിച്ചവരെ കരപൂരണം കഴിപ്പിച്ചു; അവർ പൂജാഗിരി പുരോഹിതന്മാരായിത്തീർന്നു. യെരോബെയാം ഗൃഹത്തെ ഭൂമിയിൽ നിന്നു ഛേദിച്ചു മുടിച്ചുകളയത്തക്കവണ്ണം ഈ കാര്യം അവർക്കു പാപമാ യിത്തീർന്നു.” (1 രാജാ 13:33,34).

അതേ രീതിയിലാണ് ഉസ്സിയാ രാജാവ് തന്നെ ദൈവത്തിന് പുരോഹിതവേല ചെയ്യു വാൻ ധൂപം കയ്യിലെടുത്ത് ആരാധിക്കുവാൻ തുടങ്ങിയപ്പോൾ തന്നെ ദൈവം നെറ്റിയിൽ ത നിക്കു കുഷ്ഠം വരുത്തി പാളയത്തിനു പുറത്താക്കി.

ദാവീദ് രാജാവ് ദൈവത്തിന്റെ നിയമപെട്ടകം എടുത്തുകൊണ്ടു വരുമ്പോൾ, പെട്ടി താഴെ വീഴു വാൻ ഭാവിച്ചപ്പോൾ, ആ പെട്ടിയെ പിടിച്ച വ്യക്തിയെ ദൈവം അടിച്ച്, അവിടെ വച്ചുതന്നെ അവന് മരണം സംഭവിച്ചു. ഇതുകണ്ട ദാവീദ് രാജാവിന് വിറയൽ ഉണ്ടായി. ഉടനെ ദാവീദ് വണ്ടിയോടെ ആ നിയമപെട്ടകത്തെ അടുത്തുള്ള പാവപ്പെട്ടവരുടെ പറമ്പിൽ കൊണ്ടുവിട്ടിട്ട് തന്റെ കൊട്ടാരത്തിലേയ്ക്ക് തിരിഞ്ഞു. ആ നിയമപെട്ടകം ഇരുന്ന വീടിനെ ദൈവം അനുഗ്ര ഹിച്ചു. അവന്റെ അവസ്ഥ മാറി. അവന്റെ സ്ഥിതി ഉയർന്നു. ഒരേ നിയമപെട്ടകം ഒരാളെ കൊല്ലുന്നു മറ്റൊരാളെ ഉയർത്തുന്നു. നമ്മുടെ വേദപുസ്തകം അതുപോലെ തന്നെയാണ്. വേദപുസ്തകത്തിലെ ഓരോ വചനവും ഇരുവായ് തലയുള്ള വാൾപോലെയാണെന്ന് സൂചി പ്പിക്കുന്നു. ഒരേ വചനം മാനസാന്തരപ്പെടാത്ത ഒരു വ്യക്തിയെ മാനസാന്തരത്തിലേയ്ക്കു നയി ക്കുന്നു. അതേവചനം മാനസാന്തരപ്പെട്ട വ്യക്തികൾക്ക് സന്തോഷത്തെ നൽകുകയും ദൈവ ത്തിന് നന്ദി പറഞ്ഞ് സ്തുതിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ദൈവ വേലയും.

ദൈവവേല നമ്മുടെ ഇഷ്ടംപോലെ തെരഞ്ഞടുക്കുവാൻ പാടില്ല. അതിനായിട്ടുള്ള യോഗ്യത ഇല്ലാതെ ദൈവവേലയെ ചെയ്യുമെങ്കിൽ പഴയനിയമകാലത്തിൽ ഉടനെ തന്നെ ദൈവീ കശിക്ഷ ഉണ്ടാകുമായിരുന്നു. പക്ഷേ, യേശുക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റശേഷം ഇപ്പോ ഴുള്ളത് കൃപയുടെ കാലമാണ്. അതുകൊണ്ടാണ് പല സ്റ്റാർ ദൈവവേലക്കാരും കൺവെൻഷൻ പ്രാസംഗികരും ബിഷപ്പുമാരും അച്ചന്മാരും ഉപദേശിമാരും പാപം ചെയ്തുകൊണ്ട് ദൈവവേല ചെയ്താലും ശിക്ഷ ഉടനേ സംഭവിക്കുന്നില്ല.

തമിഴ്നാട്ടിലെയും ആന്ധ്രയിലെയും ചില ഡയോസിസുകളിൽ നൂറിലധികം അച്ചന്മാരും ബിഷപ്പുമാരും മദ്യപാനത്തിന് അടിമപ്പെട്ടവരായും ലൈംഗികപാപത്തിൽ വീണുകിടക്കുന്നവ രായിട്ടും ഇപ്പോഴും ഉണ്ട്. അവരുടെ ഡയോസിസുകളിലും പള്ളികളിലും ഞാൻ പ്രസംഗിച്ച തുകൊണ്ടാണ് ഈ വിവരങ്ങൾ വ്യക്തമായി അറിയുന്നത്.

സസ്പെൻഡ് ചെയ്യപ്പെട്ട ഒരു ബിഷപ്പിനെക്കുറിച്ച് ഒരു അദ്ധ്യാപിക പരാതി നൽകിയി രിക്കുന്നു. "എന്റെ വയറ്റിൽ വളരുന്ന കുഞ്ഞ് ബിഷപ്പിന്റേതാണ്. എന്റെ ജീവിതത്തിന് ഒരു പരിഹാരം ഉണ്ടാക്കണം. ഈ വിഷയത്തിൽ ബിഷപ്പിന്റെ പ്രതികരണം എന്തായിരിക്കും എന്ന് എനിക്കറിയില്ല." ഇത് പഴയകാല സംഭവമല്ല. കഴിഞ്ഞ ഒരാഴ്ചക്കുള്ളിൽ നടന്ന സംഭവമാണ്. (2017 സെപ്തംബർ മാസം).

എന്തുകൊണ്ട് ഇപ്പോൾ ഞാനിതു സൂചിപ്പിച്ചു എന്നുപറഞ്ഞാൽ, സി.എസ്.ഐ സഭയ്ക്ക് സംഭവിക്കാൻ പോകുന്ന ആപത്തുകളെക്കുറിച്ച് കഴിഞ്ഞമാസം ഞാനെഴുതിയത് ഓർക്കുമ ല്ലോ. ഇതുംകൂടി ചേർന്നാൽ സി.എസ്.ഐ സഭയ്ക്ക് ആപത്ത്, അപമാനവും മാത്രമല്ല ദൈവ നാമം ദുഷിക്കപ്പെടുവാനും കാരണമാകും. ക്രിസ്തീയജീവിതം എന്നുപറയുന്നത് നമ്മുടെ ഇഷ്ട ത്തിന് ജീവിക്കുവാനുള്ളതല്ല, അതുപോലെതന്നെ, ക്രിസ്തീയസഭയും നമ്മുടെ ഇഷ്ടംപോലെ നടത്തുവാനും പാടില്ല. 2 തിമൊ 2:15ൽ പറയുന്നു, "ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പോരായ്കിൽ കിരീടം പ്രാപിക്കയില്ല" എന്ന്. സാധാരണ മല്ലുയുദ്ധത്തിന് ഇത്രയും നിയമങ്ങ ളുണ്ടെങ്കിൽ മണവാട്ടിയാം തിരുസഭയ്ക്ക് ധാരാളം നിയമങ്ങളുണ്ട്.

# ക്രിസ്തീയമാസികകളുടെ വിമർശനം

സി.എസ്.ഐ യിൽ നടക്കുന്ന ക്രമക്കേടുകളുടെ തുറന്നെഴുത്ത് ജാമക്കാരനിലൂടെ വരു ന്നതിനെ ആത്മീയരായ ശുശ്രൂഷകരും വിശ്വാസികളും ഏറെ സന്തോഷിക്കുന്നു. ഈ കത്തു കൾ എന്റെ മനസ്സിന് ഏറെ ആശ്വാസം നല്കുന്നു. പെന്തകോസ്തു പ്രസ്ഥാനത്തിലെ വചനം വിട്ട വഴികൾ എഴുതിയതിനാൽ എന്നെ വെറുക്കുന്നതുപോലെ സി.എസ്.ഐയിലെ അനാ ത്മീക പ്രവർത്തനങ്ങൾ എഴുതിയതിനാൽ സി.എസ്.ഐയിലെ ചുരുക്കം ചില ശുശ്രൂഷകരും വിശ്വാസികളും എന്നോടു നീരസത്തിലാണ്. കത്തിലൂടെ ഈ പ്രവർത്തനങ്ങൾക്കു പിൻതുണ നല്കിയവർ മാത്രമല്ല; അവരോടൊപ്പം ഈ പ്രസ്ഥാനത്തിനായി പ്രാർത്ഥിക്കുന്നവരും, ഏറെ യാണ്. അത് എന്റെ പ്രവർത്തനങ്ങൾക്ക് ഏറെ പ്രചോദനം നല്കുന്നു.

തമിഴ്നാട്ടിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന "സമുദായ സിന്തനൈ" (സമൂഹചിന്ത) എന്ന മാസികയിൽ ഈയടുത്തകാലത്ത് സി.എസ്.ഐയെക്കുറിച്ച് വന്ന ലേഖനം അതുപോലെ ഇതോ ടൊപ്പം ചേർക്കുന്നു.

Editor:Prof.Dr.D.Peter MA,Lit, Ph.d

സി.എസ്.ഐയുടെ നാശത്തെക്കുറിച്ച് പലരും വേവലാതിപ്പെടുന്നു. തമിഴ്നാട്ടിൽ ജാമ ക്കാരൻ മാസികയുടെ എഡിറ്റർ.ഡോ.പുഷ്പരാജ്, സേലം അവർകൾ തന്റെ ജീവൻ തുച്ഛമാ യെണ്ണി സി.എസ്.ഐയുടെ നവീകരണത്തിനായി തൂലികയും, ശബ്ദവും ചലിപ്പിച്ചുകൊണ്ടി രിക്കുന്നു. ഈ വിയത്തിനായി ഏതു നേരത്തും 24 ഡയോസിസുകളിലും കടന്നുചെന്ന് പ്രസം ഗിക്കുന്ന ഒരേ വ്യക്തിയാണ് ഡോ.പുഷ്പരാജ് അവർകൾ. സി.എസ്.ഐയിൽ നിലനിൽകുന്ന

അനാത്മീക പ്രവർത്തനങ്ങളെയും, അനാത്മീകരെയും തുറന്നുകാട്ടുക എന്നത് അത്ര ലഘു വായ കാര്യമല്ല. ഡോക്ടറെ ഞാൻ ശ്ലാഘിക്കുന്നു.

ഡോക്ടറെപ്പോലെ സി.എസ്.ഐയുടെ നവീകരണത്തിന് പ്രവർത്തിക്കുന്ന മറ്റൊരു വ്യക്തിയാണ് മധുര സ്വദേശിയായ ഡോ.ജോൺ സഹായം അവർകൾ. സി.എസ്.ഐയെക്കുറിച്ചുള്ള തന്റെ പ്രവർത്തനങ്ങൾ കോടതി വ്യവഹാരങ്ങളിലൂടെ പ്രവർത്തിച്ചുവരുന്നു.

ഈ പട്ടികയിൽ ചെന്നൈ സ്വദേശിയായ ഡോ.സുശീകരൻ തങ്കസ്വാമി അവർകളും സി.എസ്.ഐയുടെ നവീകരണത്തിനായി തന്റെ മനോവേദനകളെ ഫെയ്സ്ബുക്ക്, ഇ–മെയിൽ എന്നീ സമൂഹമാധ്യമങ്ങൾ വഴിയായും ലഘുപുസ്തകവിതരണത്തിലൂടെയും നിർവ്വഹിച്ചുവരുന്നു. ഇതിനാവശ്യമായ ചെലവുകൾ എല്ലാം സ്വന്തം കാശും, കുടുംബാംഗങ്ങൾ നല്കുന്ന സഹായവും ചേർത്താണ് നിർവ്വഹിക്കുന്നത്.

ഈ മൂന്നുപേർക്കും ഇതുപോലെ പ്രവർത്തിക്കുന്ന ഏവർക്കും സി.എസ്.ഐക്കാരായ നാം നന്ദിയുള്ളവരായിരിക്കണം. ഡോ.സുശീകരൻ തങ്കസ്വാമി എഴുതിയ ഒരു ലഘുപുസ്തകത്തിലെ ഒരുഭാഗം ഇതോടൊപ്പം ചേരുന്നു.

**ഇനി നിങ്ങൾ ആ ഇംഗ്ലീഷ് ലേഖനം വായിച്ചാലും.**

## CSI MUST BE DISBANDED

Since its inception in 1947, the CSI has gathered more disrepute than repute. Lately with every passing day it is sinking into the worst kind of stink. Christianity has rightly become the laughing stock of the discerning public. If this situation is allowed to go in unchecked the present generation of educated CSI laity would be dubbed by history as very dull and insensitive sluggards. The clergy have failed the church in every department of the present dispensation. Corruption at all levels is inabashedly practiced from the top to bottom. Institutions are run for private profits and interests, nepotism and favoritism eating into their vitals. Bombastic celebrations with even cut-outs mark our bishops' vanity and immaturity. Elections have become a farce. Casteism is openly encouraged though we would expect the clergy to lead the lay members to be inclusive. Shockingly the clergy urges the people to vote their caste and to caste their votes to the competent.

In all consultative meetings including the synod the leaders who can speak English fluently carry the day fitting the agenda and the minutes to serve their immediate interests. The others come for free lunch I suppose. After all the CSI draws members from different linguistic groups: Tamil, Telugu, Kannada and Malayalam. In many meetings I have attended, people who are not confident about their English just keep mum though they may have valuable insights to provide. The tsunami funds were definitely misused and inspite of many representations to the moderator and the general secretary not a little finger was raised to expose the culprits. The swindlers escaped gloriousluy!!

The coordinators of courts are stinking with all kinds of cases pertaining to practically every diocese of the CSI. The newspapers are washing our dirty linen in public day out. Hindu at 25.06.2009 carried 'Arrest warrant against CSI bishop' as a headline. What a witness to Christ!

The bulk of CSI members are very contented with the promises of health and wealth dished out form the pulpits. They are deep into tradition and would rather sink into it than to

swim out in freedom. The worlds is aghast agog with questions regarding evolution, environmental degradation with its gathering storms, homosexuality, women's rights and the pathetic living conditions of about 25% of our people. The CSI and its people are blithely unaware of and indifferent to these realities. The church has become narcissistic, interested only in her own secure structure and prosperity. In all these we should not ignore the black sheep among the laity.

A group of bold, determined people must rise up and demolish this unrealistic union called CSI and bring our status quo ante first and thus divert the clergy of collective power. After all there are in any case about 4,50,000 churches in India (reference church growth association journal). A few denominations coming together in the name of union is only tokenism and meaningless. Is this ecumenism? Each congregation can manage its own affairs as Andrew's Kirk in Chennai.

Legal luminaries drawn from different congregations should examine the affairs of the Christian institutions and properties and bring them to serve the poor and the dispossessed people of all castes and creeds. In 1990 John Selby Spong, Bishop of newyork wrote an article titled "Will Christianity survive the new millennium?" In the closing lines he asked "Must we park our brains outside the church door in order to worship?

Susikaran Thangasami, Kristhava Marumalacrchi - July 2009.

**ശ്രദ്ധയ്ക്ക് :** ഡോ.സുശീകരന്റെ എല്ലാ ചിന്തകളോടും പൂർണ്ണയോജിപ്പ് ഡോ.പുഷ്പരാജ് ആയ എനിക്ക് ഇല്ല എന്ന് അറിയിക്കട്ടെ. ഡോ.മാർട്ടിൻ ലൂഥറിന്റെ കാലത്ത് നടന്ന നവീകരണം – പൂർവ്വീകരണം – നടക്കണം എന്നതാണ് എന്റെ ഹൃദയഭാരം.

**കൂട്ടായ്മകൾ**

☐ നിങ്ങൾ ഓൺലൈൻ, M.O., ചെക്ക് വഴിയായി അയച്ച എല്ലാ സാമ്പത്തിക സഹായ ത്തിനും വളരെയധികം നന്ദിയുണ്ട്.

☐ നിങ്ങൾ എഴുതി അയച്ച എല്ലാ പ്രാർത്ഥനാവിഷയങ്ങൾക്കും ആഴ്ചതോറും പ്രാർത്ഥിക്കുന്നുണ്ട് സൗഖ്യം പ്രാപിച്ചവരും അൽഭുതങ്ങൾ പ്രാപിച്ചവരും എനിക്കെഴുതി അറിയിച്ച വിവരങ്ങൾ അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

☐ എനിക്കുവേണ്ടിയും എന്റെ ദൈവവേലയ്ക്കു വേണ്ടിയും പ്രാർത്ഥിച്ചതായി അറിയിച്ച എല്ലാ അച്ചൻമാർക്കും എല്ലാ വിശ്വാസികൾക്കും ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്**

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങ ളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

# ചോദ്യവും ഉത്തരവും

**പുരോഗതിയില്ല.**

**ചോദ്യം :**

ഞാൻ വർഷങ്ങളായി ദൈവവേല ചെയ്തിട്ടും എന്റെ ദാരിദ്ര്യം മാറിയിട്ടില്ല, എന്റെ കട ഭാരം തീർന്നിട്ടില്ല, എന്റെ ദൈവവേലയിൽ ഒരു പുരോഗതിയും ഇല്ല. ഞാൻ മടുത്തു. ഇനി ഞാൻ എന്തുചെയ്യണം? എനിക്ക് ഒരു ആലോചന തരണം.

**മറുപടി :**

നിങ്ങളെ ദൈവവേലയ്ക്ക് വിളിച്ചത് ആരാണ്? എന്തുകൊണ്ടാണ് നിങ്ങൾ ദൈവവേല തെരഞ്ഞെടുത്തത്? നിങ്ങൾ എഴുതിയ കത്തിൽ എങ്ങനെയുള്ള ദൈവവേലയാണ് നിങ്ങൾ ചെയ്യുന്നത് എന്ന് എഴുതിയിട്ടില്ല. നിങ്ങൾ മാനസാന്തരപ്പെട്ട്, ആത്മഭാരംകൊണ്ട് ഒത്തിരികാലം മറ്റ് ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന വ്യക്തിയായിരുന്നാൽ മാത്രമേ ദൈവവേല ചെയ്യുവാൻ നിങ്ങൾക്ക് യോഗ്യത ഉണ്ടാവുകയുള്ളു. ആ ആത്മഭാരത്തോടെയുള്ള പ്രാർത്ഥനയെ കാണുന്ന ദൈവം, നിങ്ങൾക്കുവേണ്ടി ദൈവവേലയുടെ വാതിൽ തുറന്ന് തരും. അപ്പോൾ നിങ്ങളുടെ ദൈവവേലയ്ക്കായുള്ള വിളിയെ നിങ്ങൾക്കു മനസ്സിലാക്കുവാൻ സാധിക്കും. ഇങ്ങനെ ആരംഭഅനുഭവങ്ങൾ ഇല്ലാതെയും ദൈവവേല ചെയ്യുവാൻ സാധിക്കും. പക്ഷേ അത് ശരിയായ ദൈവവേല അല്ല. പാസ്റ്ററായി ദൈവവേല ചെയ്താൽ, അങ്ങനെയുള്ളവർക്ക് ജനം കാണിയ്ക്ക കൊടുക്കും എന്ന തെറ്റായ ചിന്ത ഇപ്പോഴുള്ള പല ദൈവമക്കൾക്കും ഉണ്ടായതുകൊണ്ടാണ് പലരും വ്യാജമായ ദൈവവേലകളെ ചെയ്ത് കള്ള ഉപദേശങ്ങളെ പിടിച്ചുകൊണ്ട് ജനങ്ങളെ വഞ്ചിക്കുന്നത്. പല ദൈവവേലക്കാർ, സഭാചുമതലയൊന്നും ഇല്ലാതെ, ഭവനസന്ദർശനം എന്നു പറഞ്ഞുകൊണ്ട് ക്രിസ്ത്യാനികളുടെ ഭവനങ്ങളെ തേടിചെന്ന്, ആ വീട്ടുകാരെ വാഴ്ത്തി അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. തീർച്ചയായും ആ വീട്ടുകാർ കാണിയ്ക്ക തരുമെന്ന് ഇങ്ങനെയുള്ളവർക്ക് വിശ്വാസമുണ്ട്. ഇങ്ങനെ പലരും ഭിക്ഷക്കാരായ ദൈവവേലക്കാരായി മാറിക്കൊണ്ടിരിക്കുന്നു.

പല വീടുകളിൽ നിന്നും ഭക്ഷണം വാങ്ങി ജീവിച്ച് ശീലിച്ച ഭിക്ഷക്കാർക്ക്, നാം ഒരു നല്ല ജോലി ഏർപ്പാട് ചെയ്തുകൊടുത്താലും അവർ അത് ഇഷ്ടപ്പെടുകയില്ല. ദിവസക്കൂലി തരാം, മാസക്കൂലി തരാം എന്നു പറഞ്ഞാലും അവർ അത് ഇഷ്ടപ്പെടുന്നില്ല. അങ്ങനെ അവർ മടിയന്മാരായി മാറിപ്പോകുന്നു.

ചില ദൈവവേലക്കാർ ശരിയായ വരുമാനം കിട്ടാതെ വീട്ടിലേയ്ക്ക് വരുമ്പോൾ സ്വന്തം ഭാര്യപോലും ബഹുമാനം കാണിക്കുന്നില്ല. എപ്പോൾ നോക്കിയാലും കുടുംബത്തിൽ വഴക്കുകളും പ്രശ്നങ്ങളും വർദ്ധിക്കുന്നു. ഈ ചോദ്യം ചോദിച്ച നിങ്ങളെപ്പോലെതന്നെ ദൈവവേലയിൽ മുന്നേറ്റമില്ലാതെ വാടിപ്പോകുന്നു. ഇങ്ങനെയുള്ള ദൈവവേലക്കാർക്ക് പുറത്തും, വീട്ടിലും ബഹുമാനമില്ലാതെ പോകുന്നു.

ദൈവവേല എന്നുള്ളത് സർക്കാർ ഉദ്യോഗമല്ല. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട വേലയാകുന്നു. ഒരുവൻ എനിക്ക് ശുശ്രൂഷ ചെയ്യുമെങ്കിൽ പിതാവ് അവനെ മാനിക്കും എന്നുള്ള വചനത്തിന്റെ വാഗ്ദത്തം യഥാർത്ഥ ദൈവവേല ചെയ്യുന്നവർക്ക് തീർച്ചയായും നിറവേറും.

പഴയനിയമത്തിൽ കർത്താവ് 12 ഗോത്രങ്ങളെ വേർതിരിച്ച് ഓരോ ഗോത്രത്തിനും ദേശവും സമ്പത്തും വീതിച്ചു നൽകി. പക്ഷേ പന്ത്രണ്ടാമത്തെ ഗോത്രമായ ലേവ്യാഗോത്രത്തിന് – പൗരോഹിത്യ ശുശ്രൂഷ ചെയ്യുവാൻ വേർതിരിച്ച് ആ ഗോത്രക്കാർക്കു മാത്രം ദൈവം ഭൗമികമായ ഒന്നും നൽകിയിരുന്നില്ല. എന്തുകൊണ്ടാണ് എന്ന് ചോദിച്ചപ്പോൾ, കർത്താവു ലേവ്യാഗോത്രത്തിന് ദൈവമായ ഞാൻ തന്നെ സ്വത്തും സമ്പത്ത് ആകുന്നുവെന്ന് പറഞ്ഞു. ഇത് എന്തൊരു ഭാഗ്യമാണ്. ദൈവത്തെ സ്വത്തായും സമ്പത്തുമായും ലഭിച്ച ദൈവവേലക്കാർ ദരിദ്രരാകുവാൻ ദൈവം സമ്മതിക്കുമോ? കാണിയ്ക്കക്കുവേണ്ടി വീടുവീടാന്തരം ഇറങ്ങി നടന്ന് പ്രാർത്ഥിക്കുന്ന രീതി ദൈവത്തിന് പ്രസാദമാകുമോ? ഏലിയാവ് എന്ന ദൈവവേലക്കാരനെ കാക്കയെക്കൊണ്ട് പോഷിപ്പിച്ച ദൈവം, ദേശം മുഴുവനും ക്ഷാമത്താൽ വലഞ്ഞപ്പോൾ വിധവയെക്കൊണ്ട് ദൈവവേലക്കാരന് ആഹാരം ഉണ്ടാക്കി കൊടുത്ത് പോഷിപ്പിച്ചവനല്ലേ നമ്മുടെ ദൈവം. അവന്റെ വചനത്തിൻ പ്രകാരം വേദവചനം പറയുന്ന യോഗ്യതയോടെ ദൈവവേല ചെയ്യുന്നവരെ കർത്താവ് ഒരിക്കലും കൈവിടുന്നില്ല. ഒരുപക്ഷേ, ദൈവവേലക്കാരുടെ ജീവിതത്തിൽ കുറവുകൾ ഉണ്ടാകാം. രോഗം, സാമ്പത്തികബുദ്ധിമുട്ട് ഇവയെല്ലാം ഉണ്ടാകാം. പക്ഷേ, അതിൽ ഒരു ആത്മീയസന്തോഷം ഉണ്ട്. അത് രുചിച്ച് അനുഭവിച്ചവർക്കു മാത്രമേ മനസ്സിലാകുകയുള്ളു. നിങ്ങളെപ്പോലെ അവരാരും പിറുപിറുക്കില്ല. ആ സാഹചര്യത്തിലും ദൈവത്തെ സ്തുതിച്ച് സന്തോഷപ്പെടുത്തും

ചില ദൈവവേലക്കാർ ദൈവവേലയെ കച്ചവടമായി ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ മാസികയിൽ പ്രാർത്ഥനാഗോപുരം പണിയുവാൻ ഒരു ഇഷ്ടികയ്ക്ക് 300 രൂപ വീതം കൊടുക്കുന്ന ആയിരം പേരെ ആവശ്യമുണ്ട് എന്ന് പരസ്യപ്പെടുത്തുന്നു. നിങ്ങളുടെ കുഞ്ഞുങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാൻ രണ്ടായിരം രൂപ വീതം കാണിയ്ക്കയായി അയച്ചുതരുവാൻ പരസ്യപ്പെടുത്തുന്നു. ചിലർ കള്ളസാക്ഷികളെ ഏർപ്പാടാക്കി, ആ ദൈവവേലക്കാരന് പതിനായിരം രൂപ കൊടുത്താലും, പണം കൊടുത്ത് അടുത്ത ആഴ്ചയിൽ തന്നെ എന്റെ പത്തുലക്ഷത്തിന്റെ കടബാദ്ധ്യതയെ അറിഞ്ഞ ദൈവം മറ്റൊരാൾ വശം 10 ലക്ഷംരൂപയെ കൊടുത്തയച്ച് എന്റെ കടബാദ്ധ്യതയെ തീർത്തു എന്ന് സാക്ഷ്യം പറഞ്ഞതായി മാസികളിൽ പരസ്യപ്പെടുത്തുന്നു. ഇങ്ങനെയുള്ള സാക്ഷ്യങ്ങളെ വായിക്കുന്നവർക്കും ഒരു കൊതിയുണ്ടാകും. ഇദ്ദേഹത്തിന് പതിനായിരം രൂപ കൊടുത്താൽ എനിക്കും പത്തുലക്ഷം രൂപകിട്ടും എന്ന് കൊതിപ്പിക്കുവാൻ ഇങ്ങനെയുള്ള സാക്ഷ്യങ്ങളെ പ്രസിദ്ധപ്പെടുത്തുന്നു. യാതൊരു മുൻപരിചയവും ഇല്ലാത്ത ഒരാൾ എന്റെ വീടുവാതിലിൽ മുട്ടി 10 ലക്ഷം കൊടുത്തു എന്നുള്ളത് നമുക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല. ഇത് പെരുപ്പിച്ച് പറയുന്ന കബളിപ്പിക്കലാണ്. ഇങ്ങനെയുള്ള രീതിയിൽ ദൈവവേലയെ താഴ്ത്തലും, കച്ചവടം ചെയ്യിക്കുന്നതുമാണ്. നമ്മുടെ ദൈവം പറഞ്ഞിട്ടുണ്ട്, നിങ്ങൾ ചോദിക്കുന്നതിനു മുൻപുതന്നെ നിങ്ങളുടെ ആവശ്യങ്ങൾ അറിയുന്നവനാണ് ഞാൻ. ദൈവവേലയിലുള്ള ആവശ്യങ്ങളെല്ലാം മനുഷ്യനോട് ചോദിക്കാതെ ദൈവത്തോട് മാത്രം ചോദിക്കുന്നതാണ് നല്ലത്.

എന്റെ 52 വർഷത്തെ ദൈവവേലയിൽ ആരോടും ദൈവവേലയുടെ ആവശ്യങ്ങൾ ഇത്രയുണ്ടെന്നോ, കുടുംബചെലവ് ഇത്രയുണ്ടെന്നോ, കുറച്ചുപണം തന്ന് സഹായിക്കാമോ എന്നോ ഇതുവരെയും ഒരു വ്യക്തിയോടോ എന്റെ പ്രസംഗത്തിൽകൂടിയോ, എന്റെ ജാമക്കാരൻ മാസികയിലൂടെയോ ഞാൻ ചോദിച്ചിട്ടില്ല. ഇപ്പോൾ ഞാൻ പറയാൻ പോകുന്നത്, നിങ്ങളിൽ പലർക്കും

വിശ്വസിക്കുവാൻ കഴിയുകയില്ല. എന്റെ സ്വന്തം ആവശ്യങ്ങൾക്കുപോലും എന്റെ പ്രാർത്ഥന യിൽ ദൈവത്തോട് ഞാൻ ചോദിച്ചില്ല എന്നു പറഞ്ഞാൽ നിങ്ങൾക്ക് അത് വിശ്വസിക്കുവാൻ കഴിയുമോ? നിങ്ങളെക്കൊണ്ട് അത് വിശ്വസിക്കുവാൻ കഴിയുകയില്ല. അതാണ് എന്റെ വിശ്വാ സം. മനുഷ്യനായ എല്ലാവർക്കും സാമ്പത്തികഞെരുക്കവും ആവശ്യവും ഇല്ലാതിരിക്കുകയി ല്ല. എനിക്കും അങ്ങനെ പല ആവശ്യങ്ങളും വന്നിട്ടുണ്ട്. എന്റെ കുടുംപ്രാർത്ഥനയിൽ പോലും ഞാനത് അറിയിച്ചിട്ടില്ല. മാത്രവുമല്ല, എന്റെ ഭാര്യയോടുപോലും പണത്തിന്റെ ആവശ്യം പറ ഞ്ഞിട്ടില്ല. ഞാൻ എഴുതുന്ന ഈ മറുപടിയെ എന്റെ ഭാര്യയും വായിക്കുന്നു. എന്റെ മക്കളും എന്നോടു ജനിച്ച 6 മൂത്തസഹോദരിമാരുടെ കുടുംബങ്ങളും വായിക്കുന്നുണ്ട് എന്നും എനി ക്കറിയാം. ഞാൻ ഇത് കളവായി എഴുതുന്നതാണോയെന്ന് അവർക്കും അറിയാം. ഈ വിഷ യത്തെ ഞാൻ വ്യാജമായി എഴുതിയിരുന്നാൽ എന്റെ ഭാര്യ, എന്റെ മക്കൾ, എന്റെ സഹോദരി മാർ എന്നെ ബഹുമാനിക്കുമോ? എന്റെ ഓഫീസിൽ മാസിക കൈകാര്യം ചെയ്യുന്നവർ എന്നെ ബഹുമാനിക്കുമോ?

എന്റെ സേലം പോസ്റ്റാഫീസിൽപോലും എനിക്ക് പ്രത്യേകം മര്യാദയുണ്ട്. EMO കാല ത്തിനു മുൻപ് പഴയ മണിയോർഡർ ഫോറത്തിന്റെ അടിയിൽ താങ്കൾ എന്തിനുവേണ്ടി ഈ പണം അയയ്ക്കുന്നുവെന്ന് എഴുതി സൂചിപ്പിച്ച് അതോടൊപ്പം എന്റെ ദൈവവേലയിലും എന്റെ മാസികവഴിയായും അവർക്ക് ലഭിച്ച നന്മ എന്താണെന്നും അതിൽ സാക്ഷ്യമായി എഴുതിയിരി ക്കും. പോസ്റ്റാഫീസിൽ ആർക്ക് കൂടുതൽ മണിയോർഡർ വരുന്നുണ്ടോ, അവരെ ശ്രദ്ധിക്കാൻ വിജിലൻസ് അധികാരികളും ഉണ്ട്. പോസ്റ്റ്മാസ്റ്റർ മുതൽ പോസ്റ്റ്മാൻ വരെ എല്ലാവരും അത് വായിക്കാറുണ്ട്. അതുകൊണ്ട് അവർക്ക് എല്ലാവർക്കും എന്റെ ദൈവവേലയെക്കുറിച്ച് നല്ല അഭിപ്രായമുണ്ട്. ആ സാക്ഷ്യങ്ങൾ എന്റെ ദൈവത്തിന് പ്രസാദമായിട്ടു മാത്രമല്ല, അത് എന്നെ കുറ്റമില്ലാത്ത മനസ്സാക്ഷിയുള്ളവനാക്കിയും മാറ്റുന്നു.

ഈ ചോദ്യം ചോദിച്ച സഹോദരനെ, ദൈവവേലക്കാരനെ ഞാനോ നിങ്ങളോ അറിയു ന്നില്ല. പക്ഷേ, നിങ്ങളുടെ ഒരു ചോദ്യത്തിന് ഇത്രയും വിഷയങ്ങൾ എഴുതുവാൻ എന്നെ പ്രേരി പ്പിച്ചു.

ഈ അവസരത്തിനായി ദൈവത്തെ സ്തുതിക്കുന്നു. അവസാനമായി ഒന്നു ഞാൻ പറഞ്ഞു കൊള്ളട്ടെ, നാം കർത്താവിനോട് നേരുള്ളവനായിരുന്നാൽ കർത്താവും നമ്മോട് നേരുള്ളവ നായിട്ടു തന്നെയിരിക്കും.

ഈ ചോദ്യം ചോദിച്ച സഹോദരാ, നിങ്ങൾ ദൈവവേല ചെയ്യുന്നതു നിർത്തി നിങ്ങ ളുടെ വിദ്യാഭ്യാസത്തിന് ഉചിതമായ ഒരു ജോലിയെ തെരഞ്ഞെടുക്കണം. അത് കൂലിവേല ആയിരുന്നാലും സാരമില്ല. അങ്ങനെ പണിയെടുത്ത് നിങ്ങളുടെ കുടുംബത്തെ പുലർത്തണം. കിട്ടുന്ന ഇടവേളകളിലെല്ലാം യേശുക്രിസ്തുവിനെക്കുറിച്ച് ആരോടെങ്കിലും ദിവസവും പറയ ണം. **ദയവായി നിങ്ങൾ ഒരിക്കലും പാസ്റ്ററാകുവാൻ ശ്രമിക്കരുത്.** ആരംഭത്തിൽ ഞാനെഴു തിയതുപോലെ ദൈവവേലയ്ക്കുള്ള യോഗ്യത നിങ്ങളിൽ ഉണ്ടാകട്ടെ. അതിന്റെ ശേഷം പൂർണ്ണ ദൈവവേലയ്ക്കായി കർത്താവുതന്നെ വാതിലുകളെ നിങ്ങൾക്കു വേണ്ടി തുറന്നുതരും. ദൈവ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

**ചോദ്യം :**

ഒരു മാനസാന്തരപ്പെട്ട വിശ്വാസി അവിശ്വാസിയോട് ചേർന്ന് ബിസിനസ്സ് ചെയ്യാമോ? ഇപ്പോൾ ആ അവിശ്വാസിയോടു ചേർന്നുതന്നെ ബിസിനസ്സ് ചെയ്തുകൊണ്ടിരിക്കുന്നു!

**ഉത്തരം:**

നാം ഈ പാപലോകത്തിൽ ജീവിക്കുന്നതുകൊണ്ട് പാപികളോടും അവിശ്വാസികളോടും ചേർന്നുകൊണ്ടുതന്നെ ജീവിക്കുന്നത് ആവശ്യമാകുന്നു. അത് നമ്മിൽ ആർക്കും ഒഴിവാക്കുവാൻ സാധിക്കാത്തതാണ്. പക്ഷേ, വെള്ളത്തിലുള്ള താമരയിലയെയപ്പോലെ, ഇലകൾ വെള്ളത്തിൽ ആയിരുന്നാലും ഇലയുടെ മേൽ വെള്ളത്തുള്ളികൾ നിന്നാലും ഇല മാത്രം നനയുന്നില്ല. അതുപോലെ, ഈ ലോകജീവിതത്തിൽ വ്യാപാരത്തിലും തൊഴിലിലും ഓഹരിക്കാരനായി പ്രവർത്തിക്കാം. പ്രത്യേകിച്ചും ബന്ധുക്കളോടുമാത്രം ഓഹരിക്കാരനായി ചേർന്ന് തൊഴിൽ ചെയ്യുമ്പോൾ ജാഗ്രതയോടിരിക്കണം. കാരണം, നിസ്സാരപ്രശ്നങ്ങളിൽ പോലും പിണങ്ങുവാൻ സാധ്യതയുണ്ട്. അത് മുഴുവൻ കുടുംബത്തേയും ബാധിക്കുവാൻ കാരണമാകും. പൊതുവായി ബന്ധുക്കൾ രണ്ടുപേർ ഒരുമിച്ച് തൊഴിൽ ചെയ്യുന്നിടത്തെല്ലാം കുറച്ചുകാലത്തേയ്ക്ക് മാത്രം ആ തൊഴിലിൽ തുടരുവാൻ കഴിയുകയുള്ളു. അതിനുശേഷം അവരവർ തൊഴിൽ വിഷയത്തിൽ സ്വന്തം കാലിൽ നിൽക്കുവാൻ ആഗ്രഹിക്കും. ചില തെറ്റിദ്ധാരണകൾ മുഖാന്തിരം മനോവിഷമത്തോടെ വേർപിരിയണമെന്നുള്ള ചിന്ത മനസ്സിൽ ഉണ്ടായാൽ ഉടനെ സമാധാനത്തോടെ തമ്മിൽ തമ്മിൽ സംസാരിച്ച് പരസ്പരം വിട്ടുവീഴ്ചയോടെ വേർപിരിഞ്ഞ് തൊഴിൽ ചെയ്തു പ്രവർത്തിക്കുമെങ്കിൽ നിങ്ങളുടെ സ്നേഹം എന്നും നിലനിൽക്കും. അങ്ങനെയെല്ലെങ്കിൽ പ്രശ്ന പരിഹാരത്തിനുവേണ്ടി കോടതിയെവരെ സമീപിക്കേണ്ടിവരും.

വിവാഹജീവിതത്തിൽ മാത്രം ഒരു വിശ്വാസി, അവിശ്വാസിയോടുകൂടെ ബന്ധപ്പെടുവാൻ പാടില്ല. വേദപുസ്തകം ഇണയില്ലാപിണ കൂടരുത് എന്ന് നമ്മെ ഉപദേശിക്കുന്നു. ചില പ്രത്യേക കുടുംബസാഹചര്യത്തിൽ ഒരു വിശ്വാസി മാതാപിതാക്കളുടെ നിർബന്ധം കൊണ്ട് ഒരു അവിശ്വാസിയെ വിവാഹം കഴിക്കേണ്ടി വന്നാൽ, മറ്റൊരു മാർഗ്ഗവുമില്ലാതെ അതിന് സമ്മതിക്കേണ്ടി വന്നാൽ, ദൈവത്തോട് പ്രാർത്ഥിച്ച് അവിശ്വാസിയായ വ്യക്തിയെ നിർബന്ധിക്കാതെ സാക്ഷ്യമുള്ള ജീവിതം കൊണ്ട് നിങ്ങൾ അവരെ ശരിയായുള്ള വചനപാതയിലേയ്ക്ക് വഴിനടത്തുവാൻ ജ്ഞാനത്തോടെ ശ്രമിക്കണം.

## ജാമക്കാരൻ PDF ൽ

ജാമക്കാരൻ PDF ൽ വായിക്കാനും, Download ചെയ്യാനും, കോപ്പികൾ എടുത്ത് വിതരണം ചെയ്യാനും ആഗ്രഹിക്കുന്നവർ നിങ്ങളുടെ ഇ–മെയിൽ ഐ.ഡി ഞങ്ങളുടെ ഇ–മെയിൽ വിലാസത്തിലേക്ക് അയച്ചുതന്നാലും. അത് മാസിക കൈയ്യിൽ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും, format ചെയ്ത് അനേകർക്ക് എത്തിച്ച് ഈ ശുശ്രൂഷയെ സഹായിക്കാനുമാകും.

# ചരമ അറിയിപ്പ്



സുപ്രസിദ്ധ കൺവെൻഷൻ പ്രാസംഗികനായ സാമുവൽ ഗണേശൻ അവർകൾ 2017 ആഗസ്റ്റ് 31–ാം തിയതി തന്റെ 82–ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. തമിഴ്നാട്ടിലെ ചെങ്കോട്ടയിലെ ഹൈന്ദവബ്രാഹ്മണ വീഥിയായ അഗ്രഹാരത്തിൽ ജനിച്ച് ഹൈന്ദവമന്ത്രങ്ങൾ പഠിച്ച അദ്ദേഹത്തിന് 5–ാം ക്ലാസ് വരെ മാത്രമേ സ്കൂൾ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളു. പക്ഷേ, യേശുക്രിസ്തുവിനെ തന്റെ രക്ഷിതാവായി സ്വീകരിച്ചശേഷം ബ്രാഹ്മണകുടുംബത്തിൽ നിന്നും അദ്ദേഹത്തെ പുറത്താക്കി.

തിരുവല്ലായിലുള്ള നവജീവോദയം എന്ന ശുശ്രൂഷാ സ്ഥാപനത്തിന്റെ സ്ഥാപകനും സുപ്രസിദ്ധ പ്രാസംഗികനുമായ ബ്രദർ.കെ.വി.ചെറിയാന്റെ കീഴിൽ കുറച്ചുകാലം താമസിച്ചു. അദ്ദേഹത്തിന്റെ സുവിശേഷവേലകളിൽ ഒരു സഹായിയായി അദ്ദേഹം പ്രവർത്തിച്ചു.

തന്റെ 21–ാംമത്തെ വയസ്സിൽ പൂർണ്ണസമയസുവിശേഷവേലയിൽ ഇറങ്ങി. ഒരു ബൈബിൾ കോളേജുകളിലും പഠിക്കാത്ത ഇദ്ദേഹം സ്വയം രാത്രിയും പകലും വേദപുസ്തകം വായിച്ച് പഠിച്ച് അത് ഉപയോഗിക്കുവാനുള്ള താലന്ത് സമ്പാദിച്ചു. കൊടുംതമിഴിൽ മാത്രം പ്രസംഗിക്കുന്ന അദ്ദേഹത്തെ കേരളത്തിലെ മാർത്തോമാ, സി.എസ്.ഐ സഭകളിൽ കൂടുതലായി ഉപയോഗിക്കപ്പെട്ടു. കന്നട ദേശത്തിൽ പ്രസംഗിക്കുവാൻ ചെന്നപ്പോൾ അവിടെ വച്ച് ഉണ്ടായ ഹൃദയാഘാതത്തിൽ നിന്നും അത്ഭുതകരമായി അദ്ദേഹം രക്ഷപ്പെട്ടു. കഴിഞ്ഞ ചില മാസങ്ങളായി അദ്ദേഹത്തിന്റെ ഓർമ്മ നഷ്ടപ്പെട്ടതായി ഞാനറിഞ്ഞു. ഉടനെതന്നെ ഞാൻ നേരിട്ടുചെന്ന് സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. എന്നെ കണ്ട ഉടനെതന്നെ എന്റെ അടയാളം അദ്ദേഹം കണ്ടുപിടിച്ചു. അന്ന് വൈകിട്ട് ഞാൻ പ്രസംഗിച്ച യോഗത്തിൽ അദ്ദേഹവും സംബന്ധിച്ചു.

26–ാംമത്തെ വയസ്സിൽ വിവാഹിതനായി. ബ്രദർ.കെ.വി.ചെറിയാന്റെ മകളെയാണ് അദ്ദേഹം വിവാഹം ചെയ്തത്. ഈ ദമ്പതികൾക്കു 3 മക്കൾ. അതിൽ ഒരു മകൾ IEM മിഷനറി സ്ഥാപനത്തിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച് റിട്ടയേർഡ് ആയ Rev.Wesly അവർകളെ വിവാഹം ചെയ്തു. മറ്റൊരു മകൾ പോണ്ടിച്ചേരിയിൽ കൗൺസിലിംഗ് സെന്റർ വച്ച്, വിവാഹിതർക്കും വിവാഹം കഴിക്കുവാൻ ഒരുങ്ങുന്നവർക്കും ആത്മീക ഉപദേശങ്ങൾ നൽകിവരുന്നു. അദ്ദേഹത്തിന്റെ ഏകമകൻ Mr.Benjamin അവർകൾ ഗ്രാമങ്ങളിൽ ദൈവവേല ചെയ്യുന്നു.

സഹോ.സാമുവൽ ഗണേശൻ അവർകൾ ചെയ്ത ദൈവവേലയ്ക്കുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അവരുടെ മക്കൾക്ക് ദൈവം ആശ്വാസം നൽകട്ടെ.

# Bangalore Agape സഭാദിനാഘോഷം









ബാം ഗ്ലൂർ അഗപ്പേ സഭാസ്ഥാപകൻ പാസ്റ്റർ.രൂബൻ അവർകൾ രണ്ട് കുടുംബങ്ങളുമായി തുടങ്ങിയ സഭ ഇന്ന് ആയിരക്കണക്കിന് വിശ്വാസികളും പല പുതിയ വിവിധ സ്ഥലം സഭകളുമായി വളർന്ന് പന്തലിച്ച് നില്ക്കുന്നു. 30 വർഷങ്ങൾക്കു മുമ്പ് ആന്റമാൻ നിക്കോബാർ ദ്വീപുകളിൽ ഞാൻ ദൈവവേലയ്ക്കു പോയപ്പോൾ ഈ സഹോദരന്റെ കൂടെ കൂട്ടിക്കൊണ്ടുപോയി. ആ സ്ഥലത്തിന്റെ ആവശ്യം അറിഞ്ഞ് അവിടുത്തെ മിഷനറിയായി ദൈവവേല ചെയ്യുന്നു പാസ്റ്റർ.രൂബൻ അവർകൾ അവിടെവച്ച് പറഞ്ഞു.

ചെന്നൈയിൽ ഒരു സ്ഥാപനം ഈ ശുശ്രൂഷകന് സ്പോൺസർ ചെയ്യാൻ ഞാൻ ശുപാർശ ചെയ്തു. 9 കൊല്ലം അവിടെ ശുശ്രൂഷിച്ച് 3 സഭകൾ 3 ദ്വീപുകളിൽ ആരംഭിച്ചു. അതിനുശേഷം ആ സഭകളെ വിശ്വസ്തരായ ശുശ്രൂഷക്കാരെ ഏല്പിച്ചിട്ട്, വിവാഹിതനാകാൻ സേലം വന്നു. വിവാഹശേഷം ബാംഗ്ലൂരിൽ Corner stome എന്ന സ്ഥാപനം ഇദ്ദേഹത്തെ വിളിച്ച് തങ്ങളുടെ സഭകളുടെ മേൽനോട്ടത്തിന് നിയോഗിച്ചു.

കല്ലുപണിക്കാരായ സാധാരണക്കാരോട് വളരെ ശ്രമത്തോടെ സുവിശേഷം അറിയിച്ചു. താമസിക്കാതെ ഒരു സഭരൂപംകൊണ്ടു. ഇന്ന് വലിയ ബൈബിൾ കോളേജ് ആരംഭിച്ച് ദൈവവേലക്കാരെ സൃഷ്ടിക്കുന്ന വലിയ വേല ചെയ്തുകൊണ്ടിരിക്കുന്നു. ഈ ശുശ്രൂഷകൾക്കു (അമേരിക്കയിലെ ബൈബിൾ കോളേജ് പഠനം പൂർത്തിയാക്കിയ) ഇദ്ദേഹത്തിന്റെ മകൻ Rev.Irin Eliot വലങ്കയ്യായി നിന്ന് പ്രവർത്തിക്കുന്നു. ഈ സഭയിലെ എല്ലാം വിശ്വാസികളും മറ്റു മതവിശ്വാസത്തിൽ നിന്നും വന്നവരാണ്. അതുകൊണ്ടാണ് ഇവരുടെ വാർഷിക കൺവെൻഷനിൽ ഞാൻ പ്രസംഗത്തിന് പോയത്. ദൈവം ഈ ശുശ്രൂഷയെയും പ്രവർത്തനങ്ങളെയും അനുഗ്രഹിക്കട്ടെ.

# വായനക്കാർക്ക് പ്രത്യേക അറിയിപ്പ്

താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ഞാൻ നിർത്തലാക്കി.

1. എസ്.ബി.ടി (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാൻവൻകൂർ) - **(SBT)**
2. ഐ.ഒ.ബി (ഇന്ത്യൻ ഓവർസീസ് ബാങ്ക്) - **(IOB)**
3. സിൻഡിക്കേറ്റ് ബാങ്ക് - **(Syndicate Bank)**

# മണി ട്രാൻസ്ഫർ & ഓൺലൈൻ മണി ട്രാൻസ്ഫർ

നിങ്ങളുടെ വഴിപാടുകൾ (കാണിക്ക) ചെക്കായിട്ടോ ഡ്രാഫ്റ്റായിട്ടോ ഓൺലൈൻ വഴിയായോ അയക്കണം എന്ന് പരിശുദ്ധാത്മാവ് നിങ്ങളെ പ്രേരിപ്പിക്കുമെങ്കിൽ താഴെ പറയുന്ന എന്റെ പഴയ ബാങ്ക് അക്കൗണ്ടിൽ തന്നെ അയക്കേണ്ടതാണ്. പണം അയച്ചവർ അതിന്റെ വിവരങ്ങളെ കത്തുവഴിയായിട്ടോ ഇ–മെയിൽ വഴിയായിട്ടോ നിങ്ങളുടെ ഫോൺ നമ്പർ വെച്ച് എന്നെ അറിയിച്ചാൽ രസീതു അയക്കാനും പ്രാർത്ഥിക്കാനും വളരെ പ്രയോജനമായിരിക്കും. ഇതുവരെ പണം അയച്ച് ഈ ദൈവവേലയെ സഹായിച്ചവർക്ക് നന്ദി രേഖപ്പെടുത്തുന്നു. (എബ്രായർ 6:10).

**Name : Dr. M.G.E. PUSHPARAJ**

1) **Bank Name :(SBI) State Bank of India Srirangapalayam Branch - SALEM -1970**

**A/c No. 10764116842**

**IFSC CODE : SBI0001970-10764116842**

**SWIFT CODE : SBININBB637 - 10764116842**

2) **Bank Name: CANARA BANK, Suramangalam Branch - 1219**

**A/c No. 1219101013622**

**IFSC CODE : CNRB0001219 - 1219101013622**

**SWIFT CODE: CNRBINBBSLM - 1219101013622**

## പുതിയ ഡയോസിസ് - പുതിയ ബിഷപ്പ്



കൊല്ലം – കൊട്ടാരക്കര സി.എസ്.ഐ ഡയോസിസിന് ആദ്യത്തെ ബിഷപ്പ് നിയമിക്കപ്പെട്ടു. സൗത്ത് കേരള ഡയോസിസ് രണ്ടായി വിഭാഗിച്ചാണ് കൊല്ലം – കൊട്ടാരക്കര ഡയോസിസ് എന്ന പേരിൽ പുതിയ ഡയോസിസ് രൂപീകരിക്കപ്പെട്ടത്. 2017 സെപ്തംബർ 10–ാം തീയതി റവ.ഡോ.ഉമ്മൻ ജോർജ് അച്ചൻ അവർകളെ കൊല്ലം സി.എസ്.ഐ സഭയിൽ വച്ച് സി.എസ്.ഐ മോഡറേറ്റർ മോസ്റ്റ്.റവ.തോമസ് കെ.ഉമ്മൻ അവർകളാൽ കൈവെപ്പു നടത്തി ബിഷപ്പായി നിയമിച്ചു. റവ.ഡോ.ഉമ്മൻ ജോർജ് അവർകൾ മദ്ധ്യകേരള ഡയോസിസിൽ ക്ലർജി സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടിരുന്നു. പുതിയ ബിഷപ്പായ റൈറ്റ്.റവ.ഡോ.ഉമ്മൻ ജോർജ് അവർകളെ ജാമക്കാരന്റെ പേരിലും എന്റെ സ്വന്തം പേരിലും വാഴ്ത്തുന്നു. ബിഷപ്പ് പാനൽ തെരഞ്ഞെടുപ്പിൽ കൂടുതൽ വോട്ട് നേടിയ അച്ചൻ അവർകളെയും വാഴ്ത്തുന്നു. കൊല്ലം – കൊട്ടാരക്കര ഡയോസിസിനെ പുതിയ ബിഷപ്പ് അവർകളുടെ നേതൃത്വത്തിൽ ആത്മീയവളർച്ചയിലേയ്ക്ക് നയിക്കുവാൻ ദൈവം സഹായിക്കുമാറാകട്ടെ.


NOVEMBER 2017

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.